2015 ഏപ്രിൽ 10
വാല്യം 08
ലക്കം 07

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:08

പരമ്പര

# കോടതിവ്യവഹാരം കൊണ്ട് സഭയ്ക്ക് എന്തു പ്രയോജനം

പെന്തക്കോസ്ത് സമൂഹത്തെ പിടിമുറുക്കിയിരിക്കുന്ന കോടതി വ്യവഹാരത്തെ കുറിച്ച് കഴിഞ്ഞ ലക്കത്തിൽ ആരംഭിച്ച പരമ്പരയ്ക്ക് ഇതിനോടകം വലിയ സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്.

പെന്തക്കോസ്തിന്റെ വർത്തമാന മുഖത്തെ വിവാദമാക്കുന്ന കോടതി കേസുകളും അടിപിടികളും സാമാന്യ മര്യാദയുടെ സീമകളും ലംഘിച്ചിരിക്കുകയാണ്. പെന്തക്കോസ്ത് ധാർമ്മികതയെ ചവിട്ടി മെതിച്ചു കൊണ്ട് ഒരു കൂട്ടം ആളുകൾ നടത്തുന്ന ഇത്തരം ചക്കളത്തി പോരാട്ടം കണ്ട് ജനം മടുത്തിരിക്കുകയാണ്.

അര ശതാബ്ധ കാലം നീണ്ടു നിന്ന ഓർത്തഡോക്സ് സമുദായ കേസ് 1958-ലെ സുപ്രീം കോടതി വിധിയോടെ ഒരു വഴിത്തിരിവിലെത്തി. ഇതേ തുടർന്ന് വീണ്ടും കേസുകളും വാദ പ്രതിവാദങ്ങളും തുടർന്നു കൊണ്ടിരുന്നു. സെമിനാരി കേസ്, വട്ടിപ്പണ കേസ് തുടങ്ങിയ കേസുകളെ കൊണ്ടു മാത്രം അന്തരീക്ഷം കലുഷിതമായി. അടിപിടിയിലും കൊലപാതകത്തിലും വരെ കാര്യങ്ങൾ എത്തി. ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും തർക്കങ്ങൾ തുടരുന്നു. ഒരേ കൂദാശകൾ പിന്തുടരുന്ന ഇവർ തമ്മിൽ അടിക്കുന്നത് ആശയത്തിന്റെ പേരിൽ അല്ല മറിച്ച് പണത്തിന്റെയും അധികാരത്തിന്റേയും പേരിലാണ്.

മലങ്കര മർത്തോമ സഭയിൽ കോളിളക്കം സൃഷ്ടിച്ച ദാനിയേൽ കേസ് കോട്ടയം സബ്കോടതിയിൽ തുടങ്ങി സുപ്രീംകോടതി വരെ എത്തി. പള്ളികളും സെമിത്തേരികളും സ്ഥാവരജംഗമവസ്തുകളും പിടിച്ചെടുക്കാൻ കേസുകൾ അനവധിയുണ്ടായി.



1930 മുതൽ 1953 വരെ ഉള്ള 23 വർഷങ്ങൾ കേരളത്തിലെ ഐ.പി.സി വളർച്ചയുടെ പാതകയിലായിരുന്നു. 1953 മുതൽ 1957 വരെയുള്ള നാലു വർഷങ്ങളിൽ അനാവശ്യമായ തർക്കങ്ങളും കേസുകളും ഉണ്ടായി. വീണ്ടും യോജിച്ചവർ 1962-ൽ വീണ്ടും പിളർന്നു. ഈ പിളർപ്പ് 1966 വരെ തുടർന്നു. കേസും മറു കേസും നൽകി അന്യോന്യം പോരിനു വിളിച്ചു. പിന്നീട് ബൈബിൾ കോളജ് കേസുകളും വസ്തു കേസുകളും പലതു ഉണ്ടായി.

ചർച്ച് ഓഫ് ഗോഡിൽ കുക്ക് സായിപ്പിനെതിരെ പോലും കോടതി കേസ് കൊടുത്തവർ ഉണ്ട്. എം.വി. ചാക്കോ- എം.ഐ.ജോസഫ് തർക്കവും കേസുവരെ എത്തി. 1994 മുതൽ ഉരുത്തിരിഞ്ഞ പി.എ.വി.സാം വിരുദ്ധ കലാപം 2002 വരെ തുടർന്നു. ചെങ്ങന്നൂർ , തിരുവല്ല, പത്തനംതിട്ട കോടതികളിലായി സിവിൽ-ക്രിമിനൽകേസുകളുടെ പരമ്പര തന്നെയുണ്ടായി പോലീസ് ഇടപ്പെടലും അശോക ഹോട്ടലിലെ അടിയും ഏറെ അവമതിപ്പ് ഉണ്ടാക്കി. മിഷനറിമാർക്കെതിരെ ചാരകേസ് പടച്ചുണ്ടാക്കി. ഇന്നും സഭയിൽ പലകേസുകളും നിലനിൽക്കുന്നു.

കേരളാ റീജിയനിൽ വിദേശനാണ്യവിനിമയ ചട്ടലംഘന കേസുകളും സ്റ്റേഡിയം വിൽപ്പന കേസുകളും വലിയ കോലാഹലങ്ങൾ സൃഷ്ടിച്ചു. ശാരോനിലും WMEയിലും ഏ.ജിയിലും പല കേസുകൾ നടന്നു. ഈ കേസുകൾ കൊണ്ട് സഭയ്ക്ക് എന്തു ഗുണമാണ് ഉണ്ടായത്. നേതാക്കൻമാരുടെ ഇടയിലെ വിഭാഗായതയാണ് കേസുകൾ ഉണ്ടാകാൻ കാരണം. മിക്കകേസുകളിലും വാദിയോ പ്രതിയോ നേതാക്കൻമാരായിരിക്കും. സഭയ്ക്കുള്ളിലെ രാഷ്ട്രീയ അതിപ്രസരം, നേതാക്കൻമാരുടെ സാമ്പത്തിക ഇടപാടുകൾ, ബിസിനസ് സംരഭങ്ങൾ ഇവ വർദ്ധിച്ചതാണ് ഒരു കാരണം. ക്രിമിനൽ പാശ്ചാത്തലവും അനാത്മീകരും നേതൃത്വത്തിലേക്കും നുഴഞ്ഞു കയറിയതുമാണ് ഒരു കാരണം. മിഷൻ പണം കേസു കളിച്ചു കളയുന്നവർ ദൈവസന്നിധയിൽ കണക്കു കൊടുക്കേണ്ടി വരും. വിശ്വാസികളെ കേസിലേക്ക് തള്ളിവിടുന്നവർ കുട്ടി കുരങ്ങൻമാരെ കൊണ്ടു ചൂടുചോറു വാരിക്കുകയാണ്

## റൈറ്റേഴ്സ് ഫോറം
### അവാർഡിന് രചനകൾ ക്ഷണിക്കുന്നു

കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അമേരിക്കയിലുള്ള മലയാളി പെന്തെക്കോസ്തുകാരായ എഴുത്തുകരിൽ നിന്നും അവാർഡിന് രചനകൾ ക്ഷണിക്കുന്നു.

2014-ൽ നോർത്ത് അമേരിക്കയിലോ ഇന്ത്യയിലോ ഉള്ള പ്രസിദ്ധീകരണങ്ങളിൽ വന്ന രചനകളായിരിക്കും അവാർഡിനായി പരിഗണിക്കുന്നത്. മലയാളം ലേഖനം, മലയാളം കവിത, മലയാളം പുസ്തകം, മലയാളം ഗാനങ്ങൾ, ഇംഗ്ലീഷ് ലേഖനം, ഇംഗ്ലീഷ് കവിത, ഇംഗ്ലീഷ് പുസ്തകം എന്നീ വിഭാഗങ്ങളിലുള്ള രചനകൾക്കാണ് ഈ വർഷം അവാർഡ് നൽകുന്നത്. രചനകൾ അയയ്ക്കുന്നവർ അത് പ്രസിദ്ധീകരിച്ച കോപ്പി ചേർത്തുവേണം അയയ്ക്കുവാൻ. അതോടൊപ്പം എഴുത്തുകാരുടെ പേര്, അഡ്രസ്, ടെലിഫോൺ നമ്പർ, പാസ്പോർട്ട് സൈസ് ഫോട്ടോ, മെമ്പർഷിപ്പ് ഫീ (30 ഡോളർ) എന്നിവയും ഉണ്ടായിരിക്കണം. പുസ്തകം അയയ്ക്കുന്നവർ പുസ്തകങ്ങളുടെ രണ്ട് കോപ്പികൾ വീതം അയയ്ക്കണം. ഗാനങ്ങൾ സമർപ്പിക്കുന്നവർ അത് പ്രസിദ്ധീകരിച്ച പാട്ടു പുസ്തകത്തിന്റെ കോപ്പിയോ സി.ഡിയുടെ കോപ്പിയോ അയയ്ക്കണം. ഏത് ഗാനമാണ് മത്സരത്തിനായി ഉൾപ്പെടുത്തേണ്ടത് എന്ന് പ്രത്യേകം പറഞ്ഞിരിക്കണം.

മുൻ വർഷങ്ങളെ അപേക്ഷിച്ച് യുവജന വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി പ്രത്യേക അവാർഡ് നൽകുന്നു എന്ന് മാത്രമല്ല. വിവിധ വിഭാഗങ്ങളിലായി തരം തിരിച്ചാണ് അവാർഡുകൾ നൽകുക. ഉദാഹരണമായി, ദൈവശാസ്ത്രപരമായവ, കുടുംബ

04

## സുവിശേഷ വിരോധികൾ വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചു

ഷൈജു തോമസ് ഞാറയ്ക്കൽ



കുന്നംകുളം: തൃശൂർ ജില്ലയിലെ കുന്നംകുളത്ത് ചർച്ച് ഓഫ് ഗോഡ് ഗുരുവായൂർ ഡിസ്ട്രിക്ട് പാസ്റ്റർ എം. ജി. ഇമ്മാനുവേലിന്റെ സഭാ ഹാളിന് നേരെയുണ്ടായ ആക്രമണത്തിൽ ആരാധനാലയത്തിന് മുന്നിൽ നിർത്തിയിട്ടിരുന്ന രണ്ട് ബൈക്കുകളും ഒരു മാരുതി കാറും സുവിശേഷ വിരോധികൾ കത്തിച്ച് നശിപ്പിച്ചു. മാർച്ച് 26 വ്യാഴം രാത്രി 2 മണിയോടെയാണ് സംഭവം. പാസ്റ്റർ എ.ജി.ഇമ്മാനുവേൽ കുടുംബമായാണ് ഇവിടെ പ്രവർത്തിക്കുന്നത് പുറത്തെ ശബ്ദം കേട്ട് പാസ്റ്റർ ലൈറ്റ് ഇട്ടപ്പോഴാണ് ഹാളിന്റെ മുമ്പിൽ വാഹനങ്ങൾ കത്തുന്നത് ശ്രദ്ധയിൽപ്പെട്ടത്. പെട്ടെന്ന് ബഹളം വെച്ച് ആളുകളെ കൂട്ടി തീയണയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും അരമണിക്കൂറിന് ശേഷമാണ് അത് സാധിച്ചത്. ആ സമയം കൊണ്ട് വാഹനങ്ങൾ പൂർണ്ണമായും കത്തി നശിച്ചു. ഏപ്രിൽ 6 മുതൽ സഭാഹാളിൽ വെക്കേഷൻ ബൈബിൾ സ്കൂൾ ആരംഭിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷമായി ഈ ഹാളിൽ വെക്കേഷൻ ബൈബിൾ ക്ലാസ് (വി.ബി.എസ്) നടന്നിരുന്നു. മുന്നൂറോളം കുട്ടികൾ പങ്കെടുക്കുന്ന വി.ബി.എസിന് 30 ശതമാനം മാത്രമേ ക്രൈസ്തവ കുട്ടികൾ ഉണ്ടാകാറുള്ളു. ശേഷിക്കുന്ന കുട്ടികൾ അക്രൈസ്തവ കുട്ടികളായതിനാൽ സുവിശേഷവിരോധികളിൽ അമർഷം നിലനിന്നിരുന്നു. കഴിഞ്ഞ വർഷം അക്രൈസ്തവരായ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനെതിരെ ഭീഷ

04

## സാക്ഷി



ചെക്ക് തട്ടിപ്പ് കേസിൽ ഒരു എഴുത്തുകാരൻ റിമാന്റിൽ

*ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം. (1 തിമൊ. 6:10)*

## റൈറ്റേഴ്സ് ഫെലോഷിപ്പ് സെമിനാർ

തിരുവല്ല: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യയിലെ എഴുത്തുകാരുടേയും പത്രപ്രവർത്തകരുടേയും ഐക്യവേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ മെയ് 23 ശനിയാഴ്ച്ച രാവിലെ 09.30 മുതൽ തിരുവല്ല സിറ്റി ചർച്ച് ഓഫ് ഗോഡ് സഭാഹോളിൽ വെച്ച് ഘർ വാപസിയും മതപരിവർത്തനവും എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടക്കും. പ്രസിഡണ്ട് പാസ്റ്റർ പി. ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസിയർ റവ. ജോസഫ് ടി. സാം സെമിനാർ ഉദ്ഘാടനം ചെയ്യും. ചർച്ച് ഓഫ് ഗോഡ് കർണ്ണാടക മലയാളം റീജിയൻ അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യ സന്ദേശം നല്കും.

റീഡേഴ്സ് ജാലകം ചീഫ് എഡിറ്ററും ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ അംഗവുമായ പാസ്റ്റർ രാജു ആനിക്കാട് പ്രബന്ധം അവതരിപ്പിക്കും. രക്ഷാധികാരി സുവിശേഷകൻ പി. ഐ. ഏബ്രഹാം മോഡറേറ്ററായിരിക്കും. ജെയിസ് പാണ്ടനാട് ചർച്ച നയിക്കും. പാസ്റ്റർമാരായ ജെ. ജോസഫ് (ജനറൽ സെക്രട്ടറി), കെ. എ. ഉമ്മൻ, സണ്ണി വർക്കി, ഷിബു കെ.

04

## പാസ്റ്റർ വർഗീസ് നൈനാൻ കർത്തൃസന്നിധിയിൽ



കല്ലുമല: ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ കല്ലുമല സഭാംഗവും ദുബായ് ചർച്ച് ഓഫ് ഗോഡ് മുൻ പാസ്റ്ററുമായ ആക്കനാട്ടുകര ഗ്രേയ്സ് കോട്ടേജിൽ പാസ്റ്റർ വർഗീസ് നൈനാൻ നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം കല്ലുമല ദൈവസഭാ സെമിത്തേരിയിൽ ഓവർസിയർ പാസ്റ്റർ പി.ജെ ജെയിംസ് നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ സജി ഏബ്രഹാം നേതൃത്വം നല്കി. പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ പി.സി. ചെറിയാൻ, എം. ഒ. ഏലിയാസ് സഭയിലെ മുൻകാല ശുശ്രൂഷകൻമാർ തുടങ്ങി അനവധി ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും ആശ്വാസം അറിയിക്കുകയും ചെയ്തു. ഭാര്യ: സരസു. മക്കൾ: ഷൈൻ, ഷൈജു, ഷാജു. മരുമക്കൾ: ജിൻസി, ജീന, സംഗീത

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# കേരളം ഭ്രാന്താലയം

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ദൈവത്തിന്റെ സ്വന്തം നാടെന്നും സാക്ഷരകേരളമെന്നും ഒക്കെ നമ്മൾ അഭിമാനത്തോടെ പറയുന്ന കൊച്ചുകേരളത്തിന് എന്തു പറ്റി? കേരളം ഒരു ഭ്രാന്താലയം ആണെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞത് അക്ഷരം പ്രതി ശരിയെന്ന് തോന്നുകയാണ്. അഴിമതി, കൊലപാതകം, നിയമലംഘനം, കോഴ, പെൺവാണിഭം, മയക്കുമരുന്ന് തുടങ്ങി എല്ലാ മ്ലേച്ഛതകളുടെയും കൂത്തരങ്ങായി കേരളം മാറിയിരിക്കുന്നു. പണ്ട് അഴിമതി ആരോപണം ഉണ്ടാകുമ്പോൾ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവയ്ക്കുന്ന പതിവായിരുന്നു ഭരണകർത്താക്കൾക്ക് ഉണ്ടായിരുന്നത്. ജനോപകാരപ്രദമായ ഭരണം കാഴ്ചവയ്ക്കുന്നവരായിരുന്നു മുൻ ഭരണകർത്താക്കൾ. ഇടതുപക്ഷമായാലും വലതുപക്ഷമായാലും മുഖ്യകക്ഷികൾക്ക് പ്രാധാന്യം എന്നും ഉണ്ടായിരുന്നു. കോൺഗ്രസ് ആയാലും മാർക്സിസ്റ്റ് പാർട്ടിയായാലും അവരുടെ നയവും ആശയവും ഭരണത്തിൽ പ്രതിഫലിക്കുമായിരുന്നു. എന്നാൽ കാലം മാറിയപ്പോൾ ചെറുകക്ഷികൾ ഭരണത്തിൽ പിടിമുറുക്കുകയും വിലപേശുകയുമാണ്. മന്ത്രിമാർക്ക് നേരെ ഉയരുന്നത് കോടികളുടെ അഴിമതി ആരോപണങ്ങളാണ്. ഭരണപക്ഷത്തുനിന്നുതന്നെ അഴിമതി ആരോപണം ഉയർന്നിട്ടും ഭരണത്തിൽ പിടിച്ചിരിക്കുവാനുള്ള ശ്രമങ്ങൾ പൊതുജന മദ്ധ്യേ ഇവരെ അപഹാസ്യരാക്കുകയാണ്. നിയമസഭയിൽ നടന്ന തരംതാണ പ്രകടനങ്ങൾ ജനപ്രതിനിധികളുടെ വില ഇടിച്ചുകളഞ്ഞിരിക്കുന്നു. ബാർ കോഴ ഇടപാട് കേരളം പരക്കെ ചർച്ച ചെയ്യുമ്പോൾ ഭരണാധികാരികൾ സംശയത്തിന്റെ പുകമറയ്ക്കുള്ളിലാണ്.

തൃശൂരിൽ നടന്ന ചന്ദ്രബോസ് കൊലപാതകവും അതിലെ പ്രതിയെ രക്ഷപ്പെടുത്തുവാൻ ചിലർ നടത്തിയ ഹീനശ്രമങ്ങളുമൊക്കെ ഇന്ന് അങ്ങാടിപ്പാട്ടാണ്. ഗേറ്റ് തുറക്കുവാൻ താമസിച്ചുവെന്ന നിസാര പ്രശ്നത്തിന് ഒരു ജീവനെടുക്കുവാൻ തുനിഞ്ഞ പ്രതി സാക്ഷര കേരളത്തിലാണ് എന്ന സ്ഥിതി ലജ്ജാകരം തന്നെയാണ്. കൊച്ചിയിൽ നടന്ന കൊക്കെയ്ൻ കേസ് മറ്റൊരു നാണക്കേട്. കൊച്ചിയുടെ മറ്റൊരു മുഖം ഇതിലൂടെ പുറത്തായി. യുവതിയുവാക്കളെ ആകർഷിക്കുവാൻ വേണ്ടി നടത്തുന്ന ലഹരിമരുന്ന് പാർട്ടികൾ സാക്ഷരകേരളത്തെ തലകുനിയിപ്പിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ പിശാച് കുടികിടക്കുന്നു എന്ന യാഥാർത്ഥ്യമാണ് ഇതിലൂടെ വെളിപ്പെടുന്നത്.

ജനത്തിന്റെമേൽ ഭാരം കയറ്റിവയ്ക്കുന്ന ഭരണാധികാരികളെയാണ് ഇപ്പോൾ നാം കാണുന്നത്. ഒരു തരത്തിലുള്ള ക്രിയാത്മക വികസനവും കേരളത്തിൽ സുഗമമായി നടക്കുവാൻ പറ്റാത്ത സ്ഥിതി. റോഡുവികസനമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയോ ഒന്നും വേണ്ട നിലയിൽ കേരളത്തിൽ നടക്കുന്നില്ല. പുതിയതായി പണിയുന്ന റോഡുകൾ പണിതീരുംമുമ്പേ പൊളിയുന്നു. പാലങ്ങൾ ഇടിഞ്ഞുവീഴുന്നു.. എങ്ങും അഴിമതി. കൊട്ടിഘോഷിച്ച് ഉദ്ഘാടന മാമാങ്കങ്ങൾ നടത്തുന്നതിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന ഭരണകർത്താക്കൾ പബ്ലിസിറ്റികൊണ്ട് ജനത്തിന്റെ കണ്ണിൽ പൊടിയിടുകയാണ്. ജനോപകാരപ്രദമാകേണ്ട പ്രധാനവകുപ്പുകളെല്ലാം ചെറുപാർട്ടികൾ വീതം വെച്ച് എടുത്തിരിക്കുന്നു. അതിലൂടെ കോടികളുടെ അഴിമതി നടക്കുന്നുവെന്നാണ് പൊതുസംസാരം. എല്ലാറ്റിനും കേന്ദ്രത്തെ കുറ്റം പറയുന്നവർ ഇവിടെ അവശ്യവസ്തുക്കളുടെമേലെല്ലാം നികുതി കൂട്ടിവെച്ച് ജനത്തെ ദ്രോഹിക്കുകയാണ്. കേരളത്തിന്റെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു പെട്രോളിന് 62 രൂപയിൽ താഴെ മാത്രമേ ഉള്ളു എന്ന് കഴിഞ്ഞലക്കത്തിൽ ചീഫ് എഡിറ്റർ തന്റെ കുറിപ്പിൽ എഴുതിയിരുന്നു. കേരളത്തിൽ എണ്ണവില ലിറ്ററിന് 67രൂപയോളം ആണ്.

റോഡിലൂടെ സഞ്ചരിക്കുവാൻ കഴിയാത്ത നിലയിൽ ഭയാനകമാണ് കേരളത്തിലെ സ്ഥിതി. നിയമലംഘനമാണ് എവിടെയും. ഒപ്പം പൊട്ടിപ്പൊളിഞ്ഞതും വീതികുറഞ്ഞതുമായ റോഡുകൾ. തമിഴ്നാട്ടിൽ ജയലളിതയുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളും ജനോപകാര പദ്ധതികളും നമ്മുടെ നേതാക്കന്മാർ ഒന്നു കണ്ടിരുന്നുവെങ്കിൽ അമ്മയുടെ പേരിലാണെങ്കിലും വിലകുറഞ്ഞ ആഹാരം കിട്ടുന്ന ഹോട്ടൽ പതിനായിരങ്ങൾക്കാണ് ആശ്വാസം ആയിരിക്കുന്നത്. വിലകുറച്ച് ഉപ്പ്, തേയില, സിമന്റ് തുടങ്ങിയവയും ലഭ്യമാക്കി ഭരണം ജനപ്രീയമാക്കിയിരിക്കുന്നു. ഇവിടെ ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം പോരടിക്കുകയാണ്. എന്തിനെയും എതിർക്കുന്ന പ്രതിപക്ഷവും എല്ലാം കൈയിട്ടുവാരാമെന്ന് ചിന്തിക്കുന്ന ഭരണപക്ഷവും പോരടിക്കുമ്പോൾ ഇതിനിടയിൽ നട്ടം തിരിയുന്നത് പാവം പൊതുജനങ്ങളും. കേരളത്തിലെ ആകമാനമായ സ്ഥിതികാണുമ്പോൾ നമ്മളും അറിയാതെ പറഞ്ഞുപോകും കേരളം ഒരു ഭ്രാന്താലയമാണ്.

---

യുവജന പംക്തി

# വിജയമോ പരാജയമോ



ബിനു ജോസഫ്
വടശ്ശേരിക്കര

പത്താം ക്ലാസിന്റെ വാർഷിക പരീക്ഷയിൽ നല്ല മാർക്ക് വാങ്ങി വിജയിച്ച പലരും പ്ലസ്ടുവിനു വരുമ്പോൾ തോറ്റു പോകുകയും പത്താം ക്ലാസിൽ കഷ്ടിച്ചു പാസ്സായവർ പ്ലസ് ടുവിനു നല്ല മാർക്ക് വാങ്ങി ജയിക്കുകയും ചെയ്യുന്ന ജയാപജയങ്ങൾ നാം പലപ്പോഴും കാണാറുണ്ട്. ഇതു നമ്മോടു പറയുന്ന ഒരു സത്യം ജീവിതത്തിൽ ഒരു പരീക്ഷയ്ക്കു ജയിക്കയോ ഒരു മത്സരത്തിൽ വിജയിക്കുകയോ ചെയ്യുന്നതല്ല യഥാർത്ഥ വിജയം. ഇന്നത്തെ ജയമോ തോൽവിയോ നാളത്തെ ഭാവി നിശ്ചയിക്കുവാൻ ഉതകുന്നതുമല്ല. പലപ്പോഴും നാം ഇന്നു നേരിടുന്ന ജയപരാജയങ്ങളെ അടിസ്ഥാനപ്പെടുത്തി ജീവിതത്തെ മുഴുവനായി അപഗ്രഥിക്കുവാൻ ശ്രമിക്കുന്നവരാണ്. എന്നാൽ ഇന്നത്തെ ഒരു വിജയമോ പരാജയമോ അല്ല നമ്മുടെ ഭാവി നിശ്ചയിക്കുന്നത് എന്നു നാം അറിയണം.

രാജി എന്ന പെൺകുട്ടി സ്കൂളിൽ നല്ല രീതിയിലാണു പഠിച്ചു വന്നത്. എന്നാൽ പത്താം ക്ലാസ്സിൽ താൻ പ്രതീക്ഷിച്ച വിജയം ലഭിച്ചില്ല. തനിക്കു നേരിട്ട പരാജയത്തെ എങ്ങനെ അവൾ അഭിമുഖീകരിച്ചെന്നോ? ഒരു കയറിൽ കെട്ടിത്തൂങ്ങി ജീവിതത്തിനു വിരാമം കുറിച്ചു പരാജയങ്ങൾ ഇല്ലാത്ത ലോകത്തേക്കു യാത്രയായി. എന്നാൽ പരീക്ഷയിൽ തോറ്റ മിനിയോ? അവൾ നിരാശിതയാകാതെ വീണ്ടും പഠനം തുടർന്നു. അടുത്ത വർഷം അവൾ ഫസ്റ്റ് ക്ലാസ്സോടെ ജയിച്ചു. പ്ലസ്ടുവിനു ചേർന്നു. തുടർന്നു ഡിഗ്രി പൂർത്തിയാക്കി, ബി.എഡ്ഡും കഴിഞ്ഞു. ഇന്ന് അവൾ ഒരു ഹൈസ്കൂൾ അദ്ധ്യാപികയാണ്. ഭാവനകളായി തോന്നാമെങ്കിലും ഇതാണു നാം ചുറ്റുപാടും കാണുന്നത്. ചെറിയ പരാജയങ്ങളെപ്പോലും ഉൾക്കൊള്ളുവാൻ ത്രാണിയില്ലാതെ ആത്മഹത്യയിൽ പര്യവസാനിക്കുന്ന ജീവിതങ്ങൾ.

ഒന്നിൽ ജയിച്ചതിനാൽ ജീവിതം മുഴുവൻ ജയിക്കില്ല. എല്ലാറ്റിലും ജയിക്കണം. പരാജയപ്പെട്ടാൽ വീണ്ടും അവസരം ഉണ്ടെന്നത് ഓർക്കുക. മനഃശ്ശാസ്ത്രജ്ഞർ പറയുന്നത്; "ഇന്നത്തെ തലമുറ പലതിലും മുമ്പിലാണെങ്കിലും പ്രശ്നങ്ങളെ എങ്ങനെ നേരിടണം എന്ന അറിവ് അവർക്കില്ല". അതാണു പ്രശ്നങ്ങളുടെ മൂലകാരണം. 'തിളച്ച വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും' എന്നു പറയുന്നതു പോലെ ജീവിതത്തിൽ നേരിടുന്ന പരാജയത്തിനു ശേഷം എല്ലാറ്റിനെയും ഭയത്തോടും ആശങ്കയോടും കൂടെ വീക്ഷിക്കുന്നവരാണു നാം. ജീവിത വിജയത്തിലും പരാജയത്തിലും ദൈവം നമ്മോടു കൂടെയുണ്ട്. ലക്ഷ്യം മുന്നിൽ കണ്ടു യാത്ര ചെയ്താൽ നമ്മുടെ പരാജയങ്ങളെയും വേദനകളെയും ഇല്ലായ്മകളെയും നമുക്കു പാഠമാക്കുവാൻ കഴിയും.

"ഉദ്ദേശരഹിതമായ വേദന തളർത്തിക്കളയുന്നു. എന്നാൽ വേദനയുടെ ഉദ്ദേശം മനസ്സിലാക്കിക്കഴിയുമ്പോൾ ആ വേദനയെ പിന്നീടു വേദനയായല്ല വീക്ഷിക്കുന്നത്" എന്നു പ്രസിദ്ധ ചിന്തകനായ സി.എസ്. ലൂയിസ് പറഞ്ഞിട്ടുണ്ട്.

ജീവിതത്തിൽ നേരിടുന്നവയുടെ എല്ലാം പിന്നിൽ നല്ല ചില വശങ്ങളുണ്ട്.

"ഉദ്ദേശം എന്തെന്നു മുൻകൂട്ടി അറിയാൻ ഇടയായാൽ വേദനയും കഷ്ടതയും നമ്മെ തളർത്തിക്കളയുകയില്ല".

അപകടങ്ങൾ

ജീവിതയാത്രയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ദുരന്തങ്ങളാണ് അപകടങ്ങൾ. കാലത്തിന്റെ ആധുനികതയിൽ വാഹനാപകടങ്ങളാണു സർവ്വസാധാരണം. അപകടത്തെപ്പറ്റിയോ അതിന്റെ കാരണങ്ങളോ വിശകലനം ചെയ്യുകയല്ല എന്റെ ഉദ്ദേശം, മറിച്ച് ഇത്തരം അവസ്ഥകളെ എങ്ങനെ നേരിടണം എന്നതാണ്. അപകടത്തിൽ പെട്ടു വിശ്രമത്തിലായിരിക്കുന്ന ഒരു വിമുക്ത ഭടനുമായി ഞാൻ കഴിഞ്ഞ ദിവസം സംസാരിക്കുമ്പോൾ അദ്ദേഹം പറഞ്ഞ കാര്യം എന്നെ ചിന്തിപ്പിച്ചു. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "തന്റെ പട്ടാള സേവനത്തിൽ അപകടത്തിൽ പെട്ട അനേകർ ഉണ്ടായിരുന്നു. ശാരീരിക വൈകല്യങ്ങൾ നേരിട്ട് അവർ കിടക്കുമ്പോൾ, രാവിലെയും ഉച്ചയ്ക്കും വൈകിട്ടും വല്ലതും കഴിച്ചോടാ എന്നു ചോദിച്ച് ആഹാരം നൽകും. അതു ഡ്യൂട്ടിയുടെ ഭാഗമായാണു കണ്ടിരുന്നത്. എന്നാൽ ആ വ്യക്തി നേരിടുന്ന മാനസികാവസ്ഥ, നിരാശ, ആശങ്കകൾ, ഏകാന്തത ഇവയെപ്പറ്റിയൊന്നും താൻ ബോധവാനായിരുന്നില്ല. എന്നാൽ ഇപ്പോൾ അപകടത്തിൽ പെട്ടു കാലും കയ്യും ഒടിഞ്ഞിരിക്കുമ്പോൾ അവർ അന്നു നേരിട്ട മാനസിക ക്ലേശങ്ങൾ എത്രമാത്രം എന്നു തിരിഞ്ഞു ചിന്തിക്കുവാൻ കഴിയുന്നു".

യഥാർത്ഥത്തിൽ അപകടങ്ങൾ തിരിഞ്ഞു ചിന്തിക്കുവാനുള്ള ഒരവസരമാണ്. എന്റെ ചിന്തയിൽ മദ്ധ്യവയസ്സിനു മുമ്പ് ഒരപകടവും അൽപം വേദനയും വിശ്രമവും എല്ലാം ജീവിതം മെച്ചമാകാൻ ഉതകുന്നതാണ്. ജീവിതത്തെപ്പറ്റിയും യാഥാർത്ഥ്യങ്ങളെപ്പറ്റിയും അറിയുവാനും അംഗീകരിക്കുവാനും അപകടങ്ങൾ വഴി ഒരുക്കുന്നു.

നമ്മുടെ സമൂഹത്തിൽ കാളകളിച്ചു നടക്കുന്നവരാണ് ഏറെയും. അതായതു ലക്ഷ്യമില്ലാതെ എന്തൊക്കെയോ ചെയ്ത് എവിടേക്കോ പോകുന്നവർ. പലരും ഇന്ന് അവർ ആയിരിക്കുന്നിടത്ത് എത്തിയതിന്റെ പ്രധാന കാരണം ജീവിത ലക്ഷ്യമോ ആഗ്രഹമോ ഒന്നുമല്ല. എങ്ങനെയോ 'അന്ധന്റെ ഏറിൽ വീണ മാങ്ങാ' പോലെ എത്തി, അത്രമാത്രം! ലക്ഷ്യമില്ലാതെ യാത്ര ചെയ്യുന്നവരെ പിടിച്ചു നിർത്തുവാൻ ദൈവം സ്വീകരിക്കുന്ന ഒരു ഉപാധിയായി അപകടത്തെ കാണാം. ജീവിതത്തിലെ അപകടങ്ങൾ നമ്മെ ശരിയായ പാതയിലേക്കു നയിക്കുന്ന കൈചൂണ്ടികളാണ്.

1996-ൽ ബോംബെയിൽ വച്ചു നടന്ന അപകടമാണ് എന്റെ ജീവിതത്തിന്റെ ദിശ തിരിച്ചത്. ചാടിക്കയറിയ ട്രെയിനിൽ നിന്നു പിടിവിട്ട് ഗാട്ട്കോപ്പർ എന്ന സ്റ്റേഷനു സമീപം ഞാൻ ട്രാക്കിൽ വീണു. ആരും സഹായിക്കുവാൻ ഇല്ലാതെ ചില മണിക്കൂറുകൾ ഞാൻ അവിടെ കിടന്നു. വന്നു കണ്ടവരെല്ലാം തൊടാതെ മാറി നിന്നു. അവസാനം റെയിൽവേ പൊലീസ്

04

എനിയ്ക്കും പറയാനുണ്ട്...

# ഐ.പി.സി. ഇലക്ഷനും ജേണലും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പെന്തക്കോസ്തിലെ ഏറ്റവും വലിയ ജനാധിപത്യ ഭരണ സംവിധാനമാണ് ഐ.പി.സിയിലേത്. ഏറ്റവും വാശിയേറിയ പോരാട്ടമാണ് ഐ.പി.സി ഇലക്ഷനിൽ കാണാറുള്ളത്. മുമ്പൊക്കെ ഇന്നു കാണുന്ന വാശിയൊന്നുമില്ലായിരുന്നു. വഴിയെ പോകുന്നവരെ പിടിച്ച് കൗൺസിൽ മെമ്പറാക്കി മാറ്റുന്ന കാലവുമുണ്ടായിരുന്നു. ജനറൽ കൗൺസിൽ അംഗമാകുന്നതിന് പലർക്കും തൽപര്യമേയില്ലായിരുന്നു. കേരളാ സ്റ്റേറ്റിനായിരുന്നു എന്നും പ്രാധാന്യം. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. വൻ പദ്ധതികളും മറ്റുമായി ജനറൽ കൗൺസിൽ മേൽ കൈ നേടി കഴിഞ്ഞു. കേരളാ സ്റ്റേറ്റ് കൗൺസിലിന് പണ്ടേപ്പോലെയുള്ള പ്രാധാന്യം ഇന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടു തന്നെ ജനറൽ കൗൺസിൽ ഇലക്ഷനിൽ സ്ഥാനാർത്ഥികളുടെ എണ്ണം ഇക്കുറി കൂടാനാണ് സാധ്യത.

ഐ. പി. സി.യിൽ ഇന്ന് നടക്കുന്ന ഇലക്ഷൻ ദൈവീകമാണോ എന്നൊരു ചോദ്യം പലരും ചോദിക്കാറുണ്ട്. ഇതൊരു ചർച്ച ആക്കേണ്ട വിഷയമാണ്. സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘടന എന്ന നിലയിൽ തെരഞ്ഞെടുപ്പ് അനിവാര്യമാണ്. ഇന്നത്തെ തെരഞ്ഞെടുപ്പ് രീതി ഒട്ടും ആശാസ്യമല്ല എന്നതാണ് സത്യം. ശക്തമായ രണ്ടു പാനലുകളാണ് ഏറ്റുമുട്ടുന്നത്. കഴിഞ്ഞ ഇലക്ഷനുകളിൽ ആദർശത്തിന്റെയും നിലപാടുകളുടെയും പേരിൽ ആയിരുന്നു പോരാട്ടം. ഉപദേശ വിരുദ്ധത, അഴിമതി തുടങ്ങിയ ആരോപണ പ്രത്യാരോപണങ്ങൾ ഉയർത്തിയാണ് പലരും രംഗത്ത് ഉണ്ടായിരുന്നത്. ഇതിനിടയിൽ മാധ്യമങ്ങളെ വിദഗ്ദമായി ഉപയോഗിക്കുന്നവരുമുണ്ട്. കഴിഞ്ഞ ഇലക്ഷനിൽ ആദർശമുന്നണിയെന്ന് പറഞ്ഞു നടന്നവർ ഐ.പി.സി. ഓഫീസിനു മുമ്പിൽ കുത്തിയിരുപ്പ് സമരം നടത്തിയത് വലിയ വാർത്തയായിരുന്നു. സഹന സമരത്തിന്റെ ഭാഗമായി ആദർശത്തിനു വേണ്ടി കുത്തിയിരുന്നപ്പോൾ കാഴ്ചക്കാരനാകേണ്ടി വന്ന എനിക്കും രോമഹർഷമുണ്ടായി. നിലപാടുകൾക്കായി ഇഞ്ചോടിഞ്ചു പോരാടി വിജയം വരിക്കുന്ന നേതൃത്വത്തെയോർത്തു ഞാനും പുളകമണിഞ്ഞു. കാലചക്രം മാറിയപ്പോൾ കഥയും മാറിയിരിക്കുന്നു. അന്നെതിർക്കപ്പെട്ട വ്യക്തിയുടെ തോളിൽ കൈയിട്ട് നടക്കുന്ന സമരനായകന്റെ ഇന്നത്തെ മുഖം എനിക്കൊരു കാര്യം ഉറപ്പു നൽകി. ഇക്കൂട്ടർ കാണിക്കുന്നതൊന്നും ആശയപരമല്ല ആമാശയപരം മാത്രമാണ്. ഓന്തിനേക്കാൾ വേഗത്തിലാണ് പല നേതാക്കന്മാരുടെയും നിലപാട് മാറുന്നത്.

ഐ. പി. സി. നേതാക്കന്മാരെക്കുറിച്ച് എന്റെ കാഴ്ചപ്പാട് ഇതാണ്. ഇതിനോട് എത്രപേർ യോജിക്കും എന്നെനിക്ക് അറിഞ്ഞുകൂടാ. വേദശാസ്ത്രപരമായി ഐ. പി. സി. നേതാക്കന്മാരിൽ അറിവുള്ളവരായി ഞാൻ കരുതുന്നത് പാസ്റ്റർ വൽസൻ എബ്രഹാമും പാസ്റ്റർ കെ. സി. ജോണും തന്നെയാണ്. കേരളാ സ്റ്റേറ്റിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസിനെയും ആ ഗണത്തിൽ ഉൾപ്പെടുത്താം. നല്ല ഭരണം നടത്തുവാൻ കഴിയുന്ന നേതാക്കന്മാരുടെ കൂട്ടത്തിൽ പാസ്റ്റർ സാം ജോർജ്ജ് തന്നെയാണ് മുമ്പിൽ. ഓഫീസ് സംവിധാനം നന്നായി കൊണ്ടുപോകുവാൻ കഴിയുന്ന അഡ്മിനിസ്ട്രേറ്ററാണ് അദ്ദേഹം. പാസ്റ്റർ വൽസൻ എബ്രഹാമും മികച്ച ഭരണകർത്താവാണ്.

ജനറൽ പ്രസിഡന്റ് എന്ന നിലയിൽ പാസ്റ്റർ ജേക്കബ് ജോൺ ശോഭിച്ചുവോ എന്നൊരു ചോദ്യമുണ്ട്. അദ്ദേഹം മികച്ച ഒരു ഭരണകർത്താവല്ല എന്നതാണ് യാഥാർത്ഥ്യം. മറിച്ച് ഒരു പ്രാർത്ഥനാമനുഷ്യൻ എന്ന നിലയിൽ എല്ലാവരും അദ്ദേഹത്തെ അംഗീകരിച്ചു. കുമ്പനാട്ട് ഒരു ചലനം ഉണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്റർനാഷണൽ ഓഫീസിന്റെ പണിയിൽ ചിലരുടെ കളികൾ അദ്ദേഹത്തെ വെട്ടിൽ വീഴ്ത്തി. സ്ഥലം വാങ്ങിയതോടുകൂടെ അദ്ദേഹം ഇലക്ഷൻ സമയത്ത് നൽകിയ വാഗ്ദാനം പാലിച്ചു. ചില പ്രത്യേക സാഹചര്യത്തിൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായി രംഗപ്രവേശം ചെയ്ത അദ്ദേഹം ഒരു ടേമിലേക്ക് മാത്രമേ ഈ സ്ഥാനത്ത് താനുള്ളു എന്നാണ് എന്നോട് പറഞ്ഞത്. ഒരു ടേം കഴിഞ്ഞ് അദ്ദേഹം വീണ്ടും ഹിമാചൽപ്രദേശിലേക്ക് പോകും എന്നാണ് അന്ന് അദ്ദേഹം പ്രഖ്യാപിച്ചത്. തന്റെ നിലപാടിന് മാറ്റം വന്നിട്ടുണ്ടോ എന്ന് അടുത്ത ഇലക്ഷനിൽ അറിയാം.

കഴിഞ്ഞതിന്റെ മുമ്പ് നടന്ന ഇലക്ഷനിൽ ഉപദേശപരമായ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒരു ചേരിയെ പിന്തുണച്ചിരുന്നു. പാസ്റ്റർ ഫിലിപ്പ് പി. തോമസ് നേതൃത്വം നൽകിയ പാനലിനെയാണ് അന്ന് പിന്തുണച്ചത്. ഇക്കുറി ഇലക്ഷനിൽ പിന്തുണയ്ക്കണം എന്ന ആവശ്യമായി പലരും വിളിക്കാറുണ്ട്. എന്നാൽ ഇക്കാര്യത്തിൽ യാതൊരു ആവേശവും ഇക്കുറി ജേണലിനില്ല. കാരണം ആശയപരമായോ ആദർശപരമായോ ഒരു ചേരിയെ പിന്തുണയ്ക്കത്തക്ക സാഹചര്യം ഇപ്പോൾ ഇല്ലായെന്നതാണ് യാഥാർത്ഥ്യം.

ഇക്കുറി ആ സ്ഥാനാർത്ഥിക്ക് ചേരി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച ഒരു വ്യക്തിയെക്കുറിച്ച് ഞാൻ ഒരാളോട് അന്വേഷിച്ചു. ഐ. പി. സിയുടെ ഔദ്യോഗികസ്ഥാനത്ത് വരുവാൻ എന്ത് യോഗ്യതയാണുള്ളത് എന്ന എന്റെ ചോദ്യത്തിന് ലഭിച്ച മറുപടി ഇപ്രകാരമാണ് "പിന്നെ ആര് കാശുമുടക്കും" ഐ. പി. സി. ഇലക്ഷന്റെ ഒരു നേർചിത്രമാണ് ആ മറുപടിയിലുള്ളത്. ഇത് ലക്ഷങ്ങൾ മറിയുന്ന ഇടപാടാണ്. ആദർശശുദ്ധിയും മാന്യതയും ഒന്നും അല്ല പ്രധാനം എന്നർത്ഥം. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നു പറഞ്ഞതുപോലെ കാശുള്ളവൻ ഇവിടെ കാര്യക്കാരനാകുകയാണ്. ഇലക്ഷൻ ദിവസം കുമ്പനാട് എത്തിയാൽ ലോകക്കാർ പോലും ലജ്ജിച്ചുപോകും. ഇരവിപേരൂർ മുതൽ പുല്ലാട് വരെ വഴിയരികിൽ നിരന്നുകിടക്കുന്ന ടൂറിസ്റ്റ് ബസുകളും മറ്റു വാഹനങ്ങളും. പതിനായിരക്കണക്കിന് കാർഡുകളും നോട്ടീസുകളും ഹെബ്രോൻ കോമ്പൗണ്ടും കഴിഞ്ഞ് തിരുവല്ല - കോഴഞ്ചേരി റോഡിലേക്ക് കൂടി വ്യാപിക്കുമ്പോൾ വാഹനയാത്രക്കാർ അന്തം വിട്ടുപോകുന്നു. പെന്തെക്കോസ്തുകാരുടെയിടയിലും ഇങ്ങനെയൊക്കെ ഉണ്ടോ എന്ന് ചോദിക്കുന്ന ആളുകളെയും കണ്ടിട്ടുണ്ട്. ആദർശശുദ്ധിയുള്ളവരും വ്യക്തിപരമായി മാന്യരും ആത്മീയരുമായ ഒത്തിരി നേതാക്കന്മാർ ഐ. പി. സിയിലുണ്ട്. അവരെല്ലാം ഇത്തരം കാര്യങ്ങളിൽ ഖിന്നരാണ്. വിരലിലെണ്ണാവുന്നവർ നിയന്ത്രിക്കുന്ന രാഷ്ട്രീയകളിക്കുമുമ്പിൽ അവർ ഒന്നും ചെയ്യുവാൻ കഴിയാതെ നിൽക്കേണ്ടി വരുന്നു.

### എനിക്ക് പറയാനുണ്ട്

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഐ. പി. സി.ക്ക് ഭാരതത്തിൽ വലിയ ദൗത്യമാണ് നിർവ്വഹിക്കുവാനുള്ളത്. പരസ്പരമുള്ള പോരാട്ടം അവസാനിപ്പിക്കേണ്ട കാലം കഴിഞ്ഞു. നിയോജകമണ്ഡലം തിരിച്ച് പ്രതിനിധികളെ തെരഞ്ഞെടുത്ത് അയച്ചാൽ ഇപ്പോഴുള്ള പ്രയാസങ്ങൾക്കെല്ലാം പരിഹാരമാകും.

നിരീക്ഷണം

# കറുത്ത വെള്ളിയാഴ്ചകളുടെ ഓർമ്മകൾ



അനിൽ കൊടിത്തോട്ടം

ഐ. പി. സി. സ്റ്റേറ്റ് - ജനറൽ ഇലക്ഷനുകൾക്ക് ഇനിയും ഏറെ സമയമുണ്ട്. എന്നാൽ പാനൽ ചർച്ചകൾ വളരെ സജീവമായിക്കഴിഞ്ഞു. മുൻവർഷങ്ങളിൽ രണ്ടുചേരികൾ പരസ്പരം ഏറ്റുമുട്ടുന്ന സാഹചര്യമായിരുന്നു ഉള്ളതെങ്കിൽ ഇപ്പോൾ ഒരു മൂന്നാം ചേരികൂടി ശക്തിപ്പെട്ടു വരുന്നു.

പാസ്റ്റർ കെ. സി. ജോൺ, രാജു പൂവക്കാല തുടങ്ങിയ നേതാക്കന്മാർ ന്യൂജനറേഷൻ സഭകളിലെ ആധുനിക പ്രവണതകളെ അംഗീകരിക്കുന്നവരാണ്. അവരെ പിന്തുണയ്ക്കുന്ന ഹല്ലേല്ലൂയ്യാ ദൈവാരികയുടെ പിന്തുണകൂടി ആകുമ്പോൾ അവരുടെ ചേരിയെ നവപ്രവണതാചേരി അഥവാ പരിഷ്കൃത ചേരി എന്നായിരുന്നു മാധ്യമങ്ങൾ വിശേഷിപ്പിക്കുക. സജിത്തും ജോൺ ലോറൻസും തങ്കുവും താരുവുമൊക്കെ വ്യത്യസ്ത കാലഘട്ടങ്ങളിൽ പറഞ്ഞ ദുരുപദേശങ്ങളെ ഇവർ തള്ളിപ്പറഞ്ഞില്ല എന്നുമാത്രമല്ല ഇവരെ സ്റ്റേറ്റ് കൗൺസിൽ വിലക്കിയപ്പോൾ പ്രതിരോധം തീർക്കാൻ ഹല്ലേല്ലൂയ്യാ തുനിഞ്ഞതും സുരേഷ് ബാബുവിനെ കൺവൻഷന് പ്രസംഗിക്കാൻ ക്ഷണിച്ചുകൊണ്ട് പൂവക്കാല സ്റ്റേറ്റ് കൗൺസിൽ തീരുമാനങ്ങളെ വെല്ലുവിളിച്ചതും ഇവരെ നവപ്രവണതക്കാരുടെ ഭാഗമാക്കുന്നു. ആഭരണധാരണം, പുനർവിവാഹം തുടങ്ങി നിരവധി പ്രശ്നങ്ങളിൽ അയഞ്ഞ സമീപനം സ്വീകരിച്ചതും കൂട്ടിവായിക്കേണ്ടതാണ്.

പാസ്റ്റർ ഫിലിപ്പ് പി. തോമസ് നേതൃത്വം നൽകുന്ന ചേരിയിൽ ഷിബു നെടുവേലിയും മുന്നണി പോരാളിയായി നിന്നുകൊണ്ട് കെ. സി. പക്ഷത്തെ ചെറുക്കുന്ന കാഴ്ചയായിരുന്നു കഴിഞ്ഞ ഇലക്ഷൻ കാലത്ത് കണ്ടിരുന്നതെങ്കിൽ ഇന്ന് നെടുവേലി കെ. സി. പക്ഷത്തിന്റെ വക്താവായി മാറിക്കഴിഞ്ഞു. അന്ന് കെ. സി. പക്ഷത്തെ പ്രമുഖനായിരുന്ന പാസ്റ്റർ എം. പി. ജോർജ്ജുകുട്ടിയുടെ ചെറിയ വോട്ടുകളുടെ വ്യത്യാസത്തിലുള്ള തോൽവിക്കുപിന്നിൽ കെ. സി., പൂവക്കാല കൂട്ടുകെട്ട് ഫിലിപ്പ് പിക്കുവേണ്ടി അട്ടിമറി നടത്തിയതാണ് എന്ന വിശ്വാസത്തോടെ ഗ്രൂപ്പുവിട്ട് പുറത്തിറങ്ങി ഒരു പുതിയ ചേരി രൂപപ്പെടുത്തിക്കഴിഞ്ഞു. നിലവിലുള്ള ട്രഷറർ സണ്ണി മുളമൂട്ടിലും ജോയിന്റ് സെക്രട്ടറി എൽ. കെ. റോയിയും തല മുതിർന്ന ഡിസ്ട്രിക്ട് പാസ്റ്റർമാരെയും ഈ ചേരിക്കൊപ്പമുണ്ട് എന്നറിയുന്നു. പാസ്റ്റർ വത്സൻ എബ്രഹാമിന്റെയും ഹെബ്രോൻ ബംഗ്ലാവിന്റെയും പിന്തുണ ഉറപ്പിച്ചുകൊണ്ടാണ് ഇവർ പ്രവർത്തിക്കുന്നത്. അങ്ങനെയെങ്കിൽ സ്റ്റേറ്റ് സെക്രട്ടറിസ്ഥാനത്തേക്ക് നെടുവേലി - എം. പി. മത്സരം തീ പാറുംവിധം കടുകട്ടിയാകും. ഫിലിപ്പ് പി. തോമസിനെ ഇരുപാനലുകളും തങ്ങൾക്കൊപ്പം കൂട്ടാൻ വ്യഗ്രത കാട്ടുന്നുണ്ട്. പ്രസിഡന്റ് സ്ഥാനത്തേക്ക് കെ. സി. തോമസിനോട് മത്സരിക്കാൻ ഫിലിപ്പ് പി. സന്നദ്ധനല്ലെന്ന് അറിയുന്നു. മറുപക്ഷത്തേക്ക് പോയാൽ ഫിലിപ്പ് പി.ക്ക് സുരക്ഷിതസ്ഥാനമൊരുക്കാൻ അവർ ജനറൽ കൗൺസിലിൽ ഉപാദ്ധ്യക്ഷസ്ഥാനം വച്ചുനീട്ടുന്നതായിട്ടാണ് അറിവ്.

ഇതുവരെ തീരുമാനത്തിൽ ഫിലിപ്പ് പി. വ്യക്തകാട്ടിയിട്ടില്ല. തൽസ്ഥാനത്ത് ഒരു മൂന്നാം ബദലായി ഫിലിപ്പ് പി. രംഗത്ത് വരാൻ സാധ്യത കാണുന്നു. ജോസഫ് എബ്രഹാമും ഒരു മൂന്നാം മുന്നണി രൂപീകരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അത് അത്രകണ്ട് ഫലപ്രദമാകണമെന്നില്ല.

ഫിലിപ്പ് പി., കെ. സി. പക്ഷം ചേർന്നാൽ ഉപദേശപരമായ വിഷയങ്ങളിൽ മുമ്പെടുത്ത നിലപാടിൽ നിന്ന് പിന്നോട്ടു പോയതായി വ്യാഖ്യാനിക്കപ്പെടും. അധികാരത്തിനുവേണ്ടി നിലപാടില്ലാതെ പ്രവർത്തിക്കുന്നു എന്ന ദുഷ്പേര് കേൾക്കേണ്ടി വരും. അണികൾക്ക് വിശ്വാസം അർപ്പിക്കാൻ കഴിയാത്ത നേതാവാണെന്ന പ്രശ്നവും ബാക്കിയാകും. സ്വന്തം കാര്യം വരുമ്പോൾ ഒത്തുതീർപ്പെന്ന പരാതിയും തനിക്കെതിരെ ഉയരും. ഇപ്പോഴുള്ള സ്റ്റേറ്റ് എക്സിക്യൂട്ടിവിൽ മാന്യമായി ദൈവവചനം ശുശ്രൂഷിക്കുകയും കാർമ്മിക ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്യുന്ന ഫിലിപ്പിയുടെ സ്വകാര്യ ജീവിതത്തെക്കുറിച്ചും ആർക്കും അപവാദമില്ല.

കെ. സി. പക്ഷത്തേക്ക് പൂർണ്ണമായും ചാഞ്ഞ നെടുവേലിയാകട്ടെ കഴിഞ്ഞ ഇലക്ഷനിൽ പുറത്തെടുത്ത പ്രചരണതന്ത്രങ്ങളെ തിരിഞ്ഞു പ്രതിരോധിക്കേണ്ട അവസ്ഥയിലാണ്. ബ്ലാക്ക് ഫ്രൈഡേ എന്ന കറുത്തവെള്ളി ആചരണം, അന്നു നടന്ന പിന്നാമ്പുറ കളികൾ, കെ. സി. പക്ഷത്തെ ചില സഹോദരന്മാരുടെ സ്ഥാനാർത്ഥിത്വം തെറിപ്പിക്കാൻ ഇലക്ഷൻ കമ്മീഷനെ സമ്മർദ്ദത്തിലാക്കിയ സമരമുറകൾ, അതൊക്കെ നയിച്ച നെടുവേലിക്കെങ്ങനെ ആ നിലപാടിൽ നിന്ന് പിന്നോട്ടു പോകാനായിയെന്ന് അണികളെ ബോധ്യപ്പെടുത്തുക എളുപ്പമല്ല.

ഇനിമേൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആളുകൾ എതിരാളിക്ക് നേരെ ആരോപണം ഉന്നയിക്കുമ്പോൾ നന്നായി ജാഗ്രത പുലർത്തേണ്ടതുണ്ട്. ഒരാൾ നോമിനേഷൻ സമർപ്പിക്കുമ്പോൾ സാങ്കേതികത്വത്തിന്റെ പേരിൽ അവരെ മത്സരിക്കാൻ അനുവദിക്കുകയില്ലെന്ന വാദമുഖങ്ങൾ നിരത്തുന്നത് ജനാധിപത്യതോടുള്ള ഭയമാണ്. നോമിനേഷൻ കിട്ടി മത്സരിക്കുന്ന ആളെ കൗൺസിലിൽ എത്തിക്കണോ എന്ന് തീരുമാനിക്കുന്നത് ജനമാണ്.

എന്തെല്ലാം പരിമിതികളുണ്ടെങ്കിലും ജനറൽ എക്സിക്യൂട്ടീവിൽ വത്സൻ എബ്രഹാം, കെ. സി. ജോൺ, സാം ജോർജ്ജ് തുടങ്ങിയവർ ഉണ്ടാകേണ്ടതാണ്. ജേക്കബ് ജോൺ ഒരു കേജരിവാൾ മാത്രമാണ്. ഒരു താല്ക്കാലിക തരംഗം. ഐ. പി.സിയിൽ ആരും അപ്രമാദിത്വം ഉള്ളവരല്ല എന്ന സന്ദേശത്തിന്റെ ബാക്കി പത്രം. ഒരു മാധ്യമപ്രവർത്തകന്റെയും കുറെ ശിങ്കിടികളുടെയും വലയത്തിനുള്ളിലാണ് അദ്ദേഹം ഇപ്പോഴും. എന്തോ, അദ്ദേഹത്തെ മികച്ച ലീഡറായി കാണാൻ എനിക്ക് സാധിക്കുന്നില്ല. സ്റ്റേറ്റ് എക്സിക്യൂട്ടിവിൽ ഫിലിപ്പ് പി. തോമസ്, എം. പി. ജോർജ്ജുകുട്ടി, ഷിബു നെടുവേലിൽ തുടങ്ങിയവരെ ഏതുവിധേയനെയും നിലനിർത്തേണ്ടതാണ്. ഇവർ പരസ്പരം മത്സരിച്ച് പിരിയുന്നത് യുക്തമല്ല. പാസ്റ്റർ കെ. സി. തോമസിന് ജനറൽ എക്സിക്യൂട്ടീവിൽ അക്കോമഡേഷൻ തരപ്പെടുത്തിയാൽ കാര്യങ്ങൾക്ക് തീരുമാനമാകും. ഐ. പി. സിക്ക് ഗുണകരമാകുന്ന ഒരു ഒത്തുതീർപ്പിനാണ് തുനിയേണ്ടത്. അതിനുവേണ്ടി ചിലർ ഒന്നു മാറിനിൽക്കുന്നതിലും അപാകതയില്ല. തോറ്റ് അഡ്രസ്സ് പോകുന്നതിലും നന്ന് സമവായത്തിലൂടെ ഊഴം തേടുന്നതാണ്. എന്തുമാകട്ടെ ഇത്തവണത്തെ ഇലക്ഷനില്ലെങ്കിലും പരസ്പരം ചെളിവാരിയെറിയുന്ന പ്രസ്താവനകളുമായി നേതാക്കന്മാർ രംഗത്തുവരരുത്. കാരണം അടുത്ത തവണ നിങ്ങൾ ഏതു പാനലിൽ നിൽക്കുമെന്ന് ഒരു പ്രവാചകരും മുൻകൂട്ടി പറയാനാവില്ല. അനിശ്ചിതത്തിന്റെ കലയാണല്ലോ രാഷ്ട്രീയം.

# അഹരോന്യനേതൃത്വം ജനത്തിനു താല്പര്യം

## ധ്യാനം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

മിസ്രയീമിന്റെ അടിമ നുകത്തിൻ കീഴിൽ നിന്നും നീണ്ട നാളത്തെ താണ്ഡന പീഡനാനുഭാവങ്ങൾക്ക് അറുതി വരുത്തി ദൈവാലോചനപ്രകാരം മോശയുടെ നേതൃത്വത്തിൽ ജനം യാത്ര തിരിച്ചു. യാത്രയിലുടനീളം വ്യത്യസ്തങ്ങളായ പ്രതിസന്ധികളെ അവർക്ക് നേരിടേണ്ടിവന്നു. കാരണം അവരുടെ പിറുപിറുപ്പും മറുത്തു നില്പ്പും തന്നെ! ദൈവം കൊടുത്ത കൽപ്പനകളെ പാലിക്കാതെയും ദൈവത്തിന്റെ വാക്കുകൾക്കു തെല്ലും വില കൊടുക്കാതെയും ചെല്ലുന്ന ഇടങ്ങളിലെ പരിതസ്ഥിതികളുമായി പൊരുത്തപ്പെട്ടുകൊണ്ട് ദൈവികമല്ലാത്ത ഒരു സംസ്കാരം അവർ പ്രയാണ വഴികളിൽ രൂപപ്പെടുത്തി. എന്നാൽ ഇവരുടെ വഴിപിഴച്ച സമീപനങ്ങൾക്ക് നേരെ മോശ തീർത്തും അസംതൃപ്തനായിരുന്നു. ദൈവത്തോട് ആലോചന ചോദിച്ചു ജനത്തെ നടത്തുന്ന മോശ അതിന്റെ അടിസ്ഥാനത്തിൽ ദൈവീക കൽപ്പനകളുടെ അനുസരണത്തോടുള്ള ബന്ധത്തിൽ ജനത്തോടു വളരെ കർശനക്കാരൻ ആയിരുന്നു. ജനത്തിന്റെ ഹിതത്തെക്കാൾ ദൈവത്തിന്റെ ഇഷ്ടങ്ങൾ ആയിരുന്നു അവനു പ്രാധാന്യം. എന്നാൽ അഹരോൻ ജനത്തിന്റെ ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരിച്ച് ദൈവത്തിന്റെ നിയമങ്ങളോട് അയഞ്ഞ സമീപനം കൈകൊള്ളുകയും ജനത്തെ അതിനായി അനുവദിക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ തന്നെ മോശയെക്കാൾ ജനത്തിനു താൽപര്യം അവരുടെ ഇംഗിതങ്ങൾക്കനുസരിച്ച് നിലപാടുകൾ മാറ്റുന്ന അഹരോനോടായിരുന്നു എന്ന് പരോക്ഷമായെങ്കിലും വ്യക്തമാണ്.

ബലമുള്ള പ്രമാണത്തെ ദുർബലമാക്കി ഭൂരിപക്ഷ മനശാസ്ത്രം മനസിലാക്കി ജനപിന്തുണ നേടിയെടുക്കാൻ ദൈവവചന പരിധി ലംഘിച്ചു. ജനത്തെ കെട്ടഴിച്ചുവിട്ടുകൊണ്ട് നടത്തുന്ന ആധുനിക ആധ്യാത്മികതയുടെ മേലധ്യക്ഷന്മാർ വിശ്വാസി സമൂഹത്തെ കനത്ത തകർച്ചയിലേക്കാണ് പാലായനം ചെയ്യിക്കുന്നത് എന്ന് കണ്ണ് മങ്ങാത്ത വചന സ്നേഹികൾക്ക് വേഗത്തിൽ പിടികിട്ടും. ശ്രോതാക്കൾ ആവശ്യപ്പെടുന്ന പ്രഭാഷണങ്ങൾ പ്രസംഗിച്ചു ജനത്തെ ഉന്മാദലഹരിയിൽ ആറാടിക്കുന്നവർ "സമധാനം ഇല്ലാതിരിക്കെ, സമധാനം സമധാനം എന്നു അവർ പറഞ്ഞു എന്റെ ജനത്തിന്റെ മുറിവിനു ലഘുവായി ചികിത്സിക്കുന്നു" എന്ന് പ്രവാചകൻ പറഞ്ഞ മറ്റൊരു സുവിശേഷത്തിന്റെ പ്രീണന ഭിഷഗ്വരന്മാർ തന്നെ!! ദൈവത്തെ നിരസിക്കുന്നവരോട് നിങ്ങൾക്ക് സമാധാനം ഉണ്ടാകും എന്ന് യഹോവ അരുളി ചെയ്തിരിക്കുന്നു എന്ന് പറയുകയും ഹൃദയത്തിലെ ശാഠ്യപ്രകാരം നടക്കുന്നവരോട് നിങ്ങൾക്ക് ഒരു ദോഷം വരികയില്ല എന്ന് പറയുകയും ചെയ്യുന്നവർ!! കാറ്റിനെയും വ്യാജത്തെയും പിൻച്ചെല്ലുന്നവരെ.... നിങ്ങൾക്ക് ഹാ കഷ്ടം!!

മോശ പ്രമാണം കൈപറ്റാൻ ദൈവിക നിർദ്ദേശപ്രകാരം പർവ്വതം കയറിപ്പോയി. ഇപ്പോൾ താഴെ നേതാവ് അഹരോൻ!! ഒരു വലിയ ജനസഞ്ചയം തന്നോട് കൂടെ!! കയറിപോയ മോശക്കെന്തു ഭവിച്ചു എന്നറിയായ്കയാൽ ഞങ്ങൾക്ക് മുൻപിൽ നടക്കാൻ ഒരു ദൈവത്തെ വേണം! വിളിച്ചിറക്കിയ ദൈവത്തെക്കാൾ നടത്തിപ്പുകാരനായ മോശയിൽ സുരക്ഷിതത്വം കണ്ടെത്തിയ ജനത്തിന്റെ- "മോശക്ക് പകരമൊരു ദൈവം" എന്ന ആവശ്യം തന്നെ കടുത്ത അപരാധം!! ജനത്തെ പിണക്കി അവരോടകലുന്നത് ഭൂഷണമല്ലെന്ന് അഹരോന്യ മതം!! അതിനാൽ തന്നെ ചെയ്യുന്നത് തെറ്റാണെന്നറിയാമെങ്കിലും വേണ്ടില്ല ജനപക്ഷത്തു നില്കുക !! ജനത്തിന്റെ ആവശ്യം - അത് ദൈവ നിഷേദമായാൽ കൂടി അതിനെല്ലാവിധ ഒത്താശകളും കൊടുക്കാൻ കൂട്ടു നില്ക്കുക!! അഹരോന്യ നേതൃത്വത്തിന്റെ ഇരട്ടത്താപ്പ് ന്യായങ്ങൾ!! മോശയോട് ആവശ്യപ്പെട്ടാൽ നടക്കാത്തത് അഹരോനോടാവശ്യപ്പെട്ടാൽ നടക്കുമെന്ന് ആ ദുശാഠ്യമുള്ള ജനം തിരിച്ചറിഞ്ഞു. അതുകൊണ്ട് തന്നെ ജനത്തിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് അവരാവശ്യപ്പെടുമ്പോൾ ഒക്കെ ദൈവത്തിനു പകരം കാളകുട്ടിയെ വാർത്തുണ്ടാക്കി കൊടുക്കുന്ന അഹരോന്യനേതൃത്വത്തിനോട് ജനത്തിനു താൽപ്പര്യം തോന്നിയാൽ അത് സ്വാഭാവികം മാത്രം!! ജനത്തിനു ഇഷ്ടമുള്ള വചനവും അവർക്ക് സുഖം പകരുന്ന ദൂതുകളും വിളമ്പുന്ന അഹരോന്മാരുടെ പടകുകളിൽ വലകീറത്തക്ക പെരുത്ത മീൻ കൂട്ടം!! വാർത്തുണ്ടാക്കിയ കാളകുട്ടികു മുൻപിൽ ആടിതിമിർത്തിട്ടതിനെ ആരാധനയെന്നു വ്യാഖ്യാനിക്കുന്ന വർഷിപ്പ് ലീഡർ അഹരോന്റെ നേതൃത്വത്തിലുള്ള സ്തുതി സംഘം!!.

ദൈവ വചനത്തെ നിഷേധിക്കുന്ന വില കുറഞ്ഞ ആത്മീക സംസ്ക്കാരത്തിലേക്ക് ജനത്തെ കെട്ടഴിച്ചുവിടുന്ന നടത്തിപ്പുകാർ അവരെകൊണ്ടു പാപം ചെയ്യിപ്പിക്കുകയാണ് എന്ന് തിരുവചനം വ്യക്തമാക്കുന്നു. അജപാലനത്തിനായി കയ്യിൽ തന്നിരിക്കുന്ന ആട്ടിൻകൂട്ടത്തെ അക്കരെ എത്തിക്കുകയാണോ ലക്ഷ്യം അതോ സ്വന്തം നിലനിൽപ്പിനായി ജനത്തെ കെട്ടഴിച്ചുവിടുകയോ? ദോഷത്തിലേക്ക് ജനത്തെ ചായിക്കുകയോ അതോ ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ ആടിയുലഞ്ഞു ചാഞ്ഞു നിൽക്കുന്നവരെ വചനത്തിൽ ഉറപ്പിക്കുകയോ? കർണ്ണ സുഖം വരുത്തുന്ന പ്രവചനങ്ങളും തിരുവചനത്തിലെ സമൃദ്ധിയുടെ വാഗ്ദത്തങ്ങളും മാത്രം പറഞ്ഞ്, ജനം മനസിലാക്കേണ്ടതും പാലിക്കേണ്ടതുമായ അതീവ പ്രാധാന്യമുള്ള തിരുവചന സത്യങ്ങളെ മറച്ചു വയ്ക്കുകയും ചെയ്തുകൊണ്ട് നടത്തപ്പെടുന്നു എല്ലാ പ്രഭാഷണങ്ങളും വിധിവിധേയമാക്കേണ്ടാതുണ്ട്. മറ്റൊരു ദൈവത്തെ നിർമ്മിക്കാനുള്ള അഹരോന്റെ അനുവാദം യിസ്രായേൽ പാളയത്തിൽ വരുത്തി വച്ചത് വൻ ദുരന്തം!! കാള ദൈവത്തിന്റെ മുൻപിലുള്ള ആരാധന ഒടുവിൽ അവസാനിച്ചത് ഒരു മഹാസംഹാരത്തിൽ!! ജനത്തെ കെട്ടഴിച്ചു വിടുന്ന അഹരോന്യനയങ്ങൾക്ക് ഇന്ന് വൻപിച്ച സ്വീകരണവും അവിടേക്ക് ആളുകളുടെ ഒഴുക്കുമാണ്. സത്യദൈവത്തിനു പകരം അവിടെ പ്രദർശിപ്പിക്കപ്പെടുന്നത് "മറ്റൊരേശുവാണ്" എന്ന് തിരിച്ചറിഞ്ഞ് ആധുനിക ആധ്യാത്മികതയുടെ വികല പ്രതലങ്ങളിൽ ദൈവവചന ചുറ്റിക കൊണ്ട് ആഞ്ഞാഞ്ഞടിച്ച് സകല അന്യയാരാധനകളെയും തകർക്കേണ്ടത് ഇന്നിന്റെ അടിയന്തിര ആവശ്യമാണ്. അല്ലെങ്കിൽ ഒരു വലിയ ദുരന്തത്തിനു നാം സാക്ഷിയാകേണ്ടി വരും!!.

## സൺഡേസ്കൂൾ ക്യാമ്പും അദ്ധ്യാപക സെമിനാറും

വെള്ളറട: ശാരോൻ ഫെലോഷിപ്പ് തിരുവനന്തപുരം റീജിയൻ സണ്ടേസ്കൂൾ ക്യാമ്പും അദ്ധ്യാപക സെമിനാറും 30-ാം വാർഷിക സമ്മേളനവും തിരുവനന്തപുരം കവടിയാർ സാൽവേഷൻ ആർമി ക്യാമ്പ് സെന്ററിൽ വെച്ച് ഏപ്രിൽ 5 - 8 വരെ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ആർ. ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ നടക്കും. റീജിയൻ കോ-ഓർഡിനേറ്റർ റവ. സണ്ണി സ്പർജൻ ഉദ്ഘാടനം ചെയ്യും. ക്യാമ്പ് തീം "ദൈവരാജ്യം". പാസ്റ്റർമാരായ എം.പി. ജോസഫ്, ഡി.പി.ജോൺ, ബി.ജെ. ക്രിസ്തുദാസ്, റോബിൻസൺ പാപ്പച്ചൻ, റ്റി. ബിജുപോൾ, ബാബു എസ്. സാം, സി.ഷാജി, കെ. വിജയകുമാർ, സുനു കെ. ശാമുവേൽ, ബാബു ജോൺ, നോബിൾ സ്പർജൻ, പ്രിൻസ് തോമസ് (മിഷൻ ചലഞ്ച്), ജയ്മോൻ എബ്രഹാം (സ്പിരിചൽ എം പവറിംഗ്) പ്രൊഫസർ റ്റി.എം. ജോർജ്, ഡോ. ഡാർവിൻ, ഡോ.ഐസക് പോൾ, സുവിശേഷകരായ ഷിജു. ഡി.ജെ, ഷാജി. ജെ, ബിജു.എസ്.വി എന്നിവർ ക്ലാസെടുക്കും. 8-ാം തീയതി നടക്കുന്ന വാർഷികസമ്മേളനം ശാരോൻ ഫെലോഷിപ്പ് സണ്ടേസ്കൂൾ അസോസിയേഷൻ ജനറൽ സെക്രട്ടറി ബ്രദർ.റ്റി.തങ്കച്ചൻ ഉദ്ഘാടനം ചെയ്യും. ശാരോൻ ഫെലോഷിപ്പ് ചർച്ച് വൈസ് പ്രസിഡന്റ് പാസ്റ്റർ പി.എം.ജോൺ മുഖ്യസന്ദേശം നൽകും. കൗൺസിലിംഗ്, മിഷൻ ചലഞ്ച്, സ്പിരിചൽ എംപവറിംഗ്, വീഡിയോ ഷോ, താലന്തുപ്രദർശനങ്ങൾ, ഗെയിമുകൾ, ചർച്ചകൾ തുടങ്ങിയവ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 9446028797, 9446100698

## 01 റൈറ്റേഴ്സ് ഫെലോഷിപ്പ്...

മാത്യൂ, സണ്ണിക്കുട്ടി, ഷൈജു തോ മസ്, സാംകുട്ടി മാത്യു തുടങ്ങിയവർ നേതൃത്വം വഹി ക്കും.

പത്രപ്രവർത്തനത്തിന്റെ വിവിധ രംഗങ്ങളിൽ പ്രവർത്തി ക്കുന്നവരും പത്രപ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ളവരുമായ ചർച്ച് ഓഫ് ഗോഡ് സഭാ അംഗങ്ങൾക്ക് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കുവാൻ അവസരം ലഭിക്കും. സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ, ക്യാമ്പുകൾ, പത്രപ്രവർത്തകർക്കുള്ള ക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ, ശിൽപശാലകൾ, ജേർണലിസം ക്ലാസ്സുകൾ തുടങ്ങിയവ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. ഇൻഡ്യയിലെ പല പട്ടണങ്ങളിലും പല വിദേശ രാജ്യങ്ങളിലും ഫെലോഷിപ്പിന്റെ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

ശുശ്രൂഷകന്മാർ, വിശ്വാസികൾ, പത്രപ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ളവർ തുടങ്ങി എല്ലാവർക്കും സെമിനാറിൽ പങ്കെടുക്കാം. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 15 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജെ. ജോസഫ്, പി. ഓ. ബോക്സ് 15, ഇരവിപേരൂർ പി. ഓ, തിരുവല്ല. 689 542. കേരളാ. ഫോൺ: 9447455820. ഈമെയിൽ: cogwritersfellowship@gmail.com, revjjoseph@gmail.com.

## 01 കേരള പെന്തെക്കോസ്തൽ....

സംബന്ധമായ, ഇടയപരിപാലനമായവ, ഉപദേശപരമായവ, പഠനപരമായവ, ക്രിസ്തീയ ദൗത്യപരമായവ, പ്രവചനവും അന്ത്യകാലസംഭവങ്ങളും ഉൾപ്പെടുന്നവ, പ്രേഷിത പ്രവർത്തനത്തിനുതുകന്നവ, ഭക്തിരസപ്രത്നമായവ, എന്നിങ്ങനെ ആയിരിക്കും. ലേഖനങ്ങളും പുസ്തകങ്ങളും അയയ്ക്കുന്നവർ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തേണ്ടതെന്നു വ്യക്തമാക്കിയിരിക്കണം.

പ്രസിദ്ധീകരണങ്ങൾ, വ്യക്തികൾ, സംഘടനകൾ എന്നിവർക്കും എഴുത്തുകാർക്കുവേണ്ടി രചനകൾ സമർപ്പിക്കാവുന്നതാണ്. മെമ്പർഷിപ്പ് ഫീ കൂടാതെയുള്ള രചനകൾ പരിഗണിക്കുന്നതല്ല. കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം നിയോഗിക്കുന്ന ജഡ്ജിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരമായിരിക്കും അവാർഡ് നിർണയം നടത്തുന്നത്. റൈറ്റേഴ്സ് ഫോറം ഭാരവാഹികളുടെ തീരുമാനം അന്തിമമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള അവാർഡുകൾ ജൂലൈ ആദ്യവാരം സൗത്ത് കരോലിനായിൽ നടക്കുന്ന നോർത്ത് അമേരിക്കൻ പെന്തെക്കോസ്തൽ കോൺഫറൻസിൽ വച്ച് വിതരണം ചെയ്യും.

അവാർഡിനുള്ള രചനകൾ താഴെ പറയുന്ന വിലാസത്തിൽ ഏപ്രിൽ 30നു മുമ്പായി ലഭിച്ചിരിക്കണം.

Pastor Babu Thomas, KPWF, 11 First Place, Garden City Park, NY 11040

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്നവരുമായി ബന്ധപ്പെടുക.

പാസ്റ്റർ ബാബു തോമസ് (516) 726-0151, പാസ്റ്റർ തോമസ് കിടങ്ങാലിൽ (516) 978-7308, രാജൻ ആര്യപ്പള്ളിൽ (678) 571-6398, പാസ്റ്റർ ജോൺ തോമസ് (713) 478-2000, ജോയിസ് പി. മാത്യൂസ് (423) 316-0582, ഷേർളി ചാക്കോ (360) 223-8249.

## 01 സുവിശേഷ...

ണി ഉയർന്നിരുന്നതായി പാസ്റ്റർ ഇമ്മാനുവേൽ വ്യക്തമാക്കി. 1984-ലാണ് കാണിയമ്പാലിൽ പാസ്റ്റർ എം.പി.ജോർജ്ജിന്റെ നേതൃത്വത്തിൽ സുവിശേഷ പ്രവർത്തനം ആരംഭിച്ചത് ഇപ്പോൾ ആദ്ദേഹത്തിന്റെ മകൻ പാസ്റ്റർ എം. ജി ഇമ്മാനുവേലാണ് ഇവിടെ ശുശ്രൂഷിക്കുന്നത്. 30-ളം പേരാണ് ഈ സഭയിൽ ഞായറാഴ്ചതോറും ആരാധനക്ക് വന്നു കൊണ്ടിരുന്നത്. സംഭവത്തിൽ കുന്നംകുളം യു. പി. എഫ് പ്രതിഷേധം അറിയിച്ചു. വിവിധ ക്രൈസ്തവ സംഘടനകളുടെ നേതൃത്വത്തിൽ മാർച്ച് 29 ഞായറാഴ്ച ഉച്ചതിരിഞ്ഞ് കുന്നംകുളത്ത് പ്രതിഷേധയോഗം നടന്നു. പ്രകോപനങ്ങൾ ഒന്നും ഇല്ലാതിരിക്കെ ആരാധനാലയത്തിന് നേരെയുണ്ടായ അക്രമ സംഭവത്തിൽ വിവിധ സഭാ നേതാക്കൾ ഉത്ക്കണ്ഠ രേഖപ്പെടുത്തി.

Website
www.beljourn.com
Email
beljourn@gmail.com

PHILADELPHIA PENTECOSTAL CHURCH OF DALLAS (IPC)
2915 Broadway Blvd., Garland TX 75041
PASTOR NEEDED

Philadelphia Pentecostal Church of Dallas is seeking a fulltime Pastor with the following credentials:

**Qualifications:**

- At least 5 years of Pastoral experience in the U.S.
- Bachelor's Degree in Theology
- At least 35 years of age and be married
- Fluent in both English and Malayalam
- US Citizen or US Permanent Resident

For more information including the benefits, please visit ppcdchurch.org or contact any one of the following Pastor selection board members.

E-mail resume to: ppcdpastorselection@gmail.com

Joe Mathews (214) 498-9055 or
Reji Koshy (214) 517-8037

## ഡോ.കോര സംസാരിക്കുന്നു



1. ചർച്ച് ഓഫ് ഗോഡിൽ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡം എന്താണ് കോരേ?

**– ചെറിയാൻ ബാബു, പെണ്ണുക്കര**

*സ്വാധീനമില്ലാത്തവർക്ക് നിയമം കർശനമായിരിക്കും. അളിയന്റെ മകനോ അമ്മാച്ചന്റെ മകനോ ഒക്കെ ആണെങ്കിൽ നിയമം ബാധകമല്ല. താല്പര്യമില്ലാത്തവരെ പുലിയിരിക്കും പാറയിലേക്ക് ട്രാൻസ്ഫർ നൽകും. എല്ലാം ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ.*

2. ചർച്ച് ഓഫ് ഗോഡിൽ അരിച്ചുപെറുക്കി നോക്കിയിട്ടും എന്നെപ്പോലെ കൊള്ളാകുന്ന ഒരു ഉപദേശിയെ കിട്ടാനില്ലായിരുന്നുവെന്ന് ആര് ആരോട് പറഞ്ഞു എന്നു കോരയ്ക്കറിയാമോ?

**– ഫിലിപ്പ് ജോൺ, ഏഴംകുളം**

*എല്ലാം ജോണച്ചായന്റെ ഒരു തമാശയല്ലേ. പണ്ടെ എങ്ങോ മസ്ക്കറ്റിലൊരു സഭയിൽ മുഴങ്ങിക്കേട്ട ശബ്ദമാണിത്. സ്വയം പുകഴ്ത്തലിന്റെ പ്രത്യക്ഷ അവതാരം.*

3. സിനിമാതാരങ്ങൾ ഭാഗ്യദോഷം മാറ്റാൻ പേരു മാറ്റുമെന്ന് കേട്ടിട്ടുണ്ട്. വരാൻ പോകുന്ന ഐ. പി. സി. തെരഞ്ഞെടുപ്പിന് മുന്നോടിയായി ഞങ്ങളുടെ നാട്ടിൽ ഒരു പാസ്റ്ററും പേരിന് ചില മാറ്റങ്ങൾ വരുത്തിയതായി കേൾക്കുന്നു. കോരയുടെ അഭിപ്രായമെന്താണ്?

**– ഉണ്ണി കറുകച്ചാൽ**

*അതേ ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം (ഇലക്ഷൻ കഴിയുവോളം) നമുക്ക് മൗനമായി ഇരിക്കാം.*

## കൊച്ചുവർത്തമാനം



പാസ്റ്റർ ബിജു ജോയി തുവയൂർ
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ

# "ബെന്നിച്ചന്റെ ഒരു ശുശ്രൂഷ"



ബെന്നിച്ചൻ പാസ്റ്റർ (പേര് സാങ്കല്പികം) വെറുമൊരു പാസ്റ്ററല്ല അഖില ലോക ഉണർവ്വു സംഘടനയിൽപ്പെട്ട ഒരു 'പ്രത്യേക' അഭിക്ഷിക്തനാണ്. നാട്ടിൽ ഒരു സഭയും അതിനു വേണ്ടതൊക്കെയും ഉണ്ടെന്നാണ് അദ്ദേഹത്തിന്റെ "ശുശ്രൂഷ വേദി"യിൽ നിന്നും കേട്ടറിവ്. അവിടത്തെ കാര്യങ്ങൾ വേണ്ടും പോലെ കൈകാര്യം ചെയ്യാൻ അനവധി ശിഷ്യഗണങ്ങൾ ഉണ്ടത്രെ. പിന്നെ പത്രപാരായണം തുടങ്ങിയുള്ള ലോകമയത്വ കാര്യങ്ങളൊന്നും പാടില്ല എന്നും ഭക്തന് നിർബന്ധമുള്ള കാര്യമാണ്. മലയാളി ദൈവമക്കൾ എവിടെയുണ്ടോ അവിടെയൊക്കെ എത്തിക്കപ്പെട്ട് വേണ്ട 'ശുശ്രൂഷ' ചെയ്യാനാണ് തന്റെ 'വിളി' യെന്നും അതിനു വേണ്ട എല്ലാ വിധ അടവുകളും തന്റെ പക്കലുണ്ട് എന്നുള്ള വസ്തുതയും ഇടപാടുകളിലൂടെ ഏവർക്കും ബോദ്ധ്യമാകും, കഴിഞ്ഞ ചില മാസങ്ങളായി മരുപ്രദേശങ്ങളിൽ തന്നെയാണ് ദാസൻ. ഏതെങ്കിലും സ്ഥലത്ത് എത്തിചേർന്ന് 'കൊള്ളാവുന്ന' ചില ഭക്തജനങ്ങളെ കൈയിലെടുക്കും. ലഭ്യമാകുന്ന യോഗങ്ങളിലെല്ലാം അവരാണ് യഥാർത്ഥ ആത്മീയരെന്നും, അവരില്ലെങ്കിൽ ലോകത്തിന്റെ തന്നെ നിലനില്പ്പ് അപകടത്തിലാകുമെന്നും, ആർക്കെങ്കിലും സ്വർഗ്ഗപ്രാപ്തി ആഗ്രഹമുണ്ടെങ്കിൽ തന്നെ സഹായിച്ച 'വല്യച്ചായൻ' മാരെയും കൊച്ചമ്മമാരെയും പോലെയാകണമെന്നും യാതൊരു മറയുമില്ലാതെ ബെന്നിച്ചൻ "വെച്ചുകീച്ചും". പോരെ കാശിനും കരുതലിനും അധികം വല്ലതും വേണോ? എന്നാൽ അതല്ല ഏറ്റവും കഷ്ടം ഏതു സഭയിലെത്തിയാലും ഈ ദൈവദാസനല്ല ഇവിടെ ദൈവം ആഗ്രഹിക്കുന്നതൊന്നും, മറ്റു നല്ല പലരെയും തനിക്കറിയാമെന്നും രഹസ്യ"ദൂതും" ബെന്നിച്ചനുണ്ടത്രെ- ബെന്നിച്ചന്റെ ശുശ്രൂഷയാൽ പലയിടങ്ങളിലും അസമാധാനം ഉണ്ടായി-എന്നു ഇതു രഹസ്യമായ പരസ്യമാണ് താനും. പൊന്നു ബെന്നിച്ചൻമാരെ എന്തെങ്കിലും നക്കാപ്പിച്ച കിട്ടുന്നതു വാങ്ങി കൊള്ളുക – ദ്രവ്യാഗ്രഹത്തിന്റെ ഉപായം പ്രയോഗിച്ചു കൊള്ളുക- ചെയ്യാവുന്നവ ഒക്കെ വേഗത്തിൽ ചെയ്തു കൊള്ളുക- കാരണം ഇത് അന്ത്യകാലമാണ് – എന്നാൽ എവരുടേയും പ്രവർത്തികളെ ശോധന ചെയ്യുന്ന- വീശുമുറം കയ്യിലുള്ളവൻ നമ്മെ ഒക്കെ തനിക്കു മുമ്പിൽ നിറുത്തുന്ന ഒരു കാലം വരുന്നു എന്നു മറക്കാതിരിക്കുക- സമാധാനം ഉണ്ടാക്കുന്നവർ – അവർ അത്രേ ദൈവത്തിന്റെ മക്കൾ- ദൈവം കരുണ ചെയ്യട്ടെ!!




## കവിത



ഷീനാ ടോമി

# പൊള്ളുന്ന ആത്മാക്കൾ..!

പർവ്വതമുകളിൽ കൊടുങ്കാറ്റുയർത്തിയ
കുഞ്ഞാടുകളുടെ ഇടയാ....
അനാദിയുടെ തീരങ്ങളിൽ നീ
ഉയർത്തിയ തീജ്വാലകളുടെ
കടലുകൾ ഇരമ്പിയാർക്കുന്നു
ഭൂമിയുടെ അതിരുകളോളം.....

വെളിപ്പാടുകളുടെ പ്രവാചക...
ചെന്നായ്ക്കളുടെ ഇടയന്റെ
തീപ്പന്തം പോലെ ജ്വലിക്കുന്ന
കണ്ണുകളിൽ നിന്നും
നൂറ്റാണ്ടുകളുടെ രക്തം
ഇറ്റിറ്റു വീഴുന്ന വജ്രസൂചിപോലെ
കൂർത്ത കോമ്പല്ലുകളിൽ നിന്നും
എന്നേക്കുമായ് എന്നാണ് വിമോചനം..?

തലയ്ക്കു മീതെ പാറുന്ന
പറവകളുടെ ചിറകടികൾ
ഒരു താവളം കണ്ടെത്തും മുന്നേ...
സങ്കല്പങ്ങളുടെ കോട്ടകൾ
ഞൊടിയിടയിൽ ഉയരും മുന്നേ...
കുളിച്ചിട്ടു വീണ്ടും ചെളിയിലുരുളുവാൻ
പന്നികൾ തിരിയും മുമ്പേ....

വനാന്തരങ്ങളിൽ വഴി തെറ്റിയ
കുഞ്ഞാടിന്റെ ദീനരോദനം ഉയരും മുമ്പേ...
ശമര്യസ്ത്രീയുടെ പാതകളിൽ
കാലടികൾ പൊടിപടലങ്ങൾ
വീണ്ടും ഉയർത്തും മുമ്പേ....
കാലിച്ചന്തയിൽ വിശുദ്ധപശുക്കൾ
അനേകർ വിലപേശി
വിൽക്കപ്പെടും മുമ്പേ...

കാലത്തിനു മുമ്പേ നടന്ന നീ
കാലാതീതനായാ കാഹളധ്വനി മുഴക്കൂ...
മൺകൂടാരങ്ങൾ പൊളിഞ്ഞടിയട്ടെ...
പറന്നുയരട്ടെ പൊള്ളുന്ന ആത്മാക്കൾ....



ചോദ്യോത്തര വേദി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

# പ്രായമായ വിശ്വാസിയുടെ ഭയവും ഉത്കണ്ഠയും പ്രത്യാശയില്ലായ്മയും

**ചോദ്യം:** എനിക്കറുപത്താറു വയസ്സായി. ഞാൻ ബന്ധപ്പെട്ടു നില്ക്കുന്ന സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഞാൻ സജീവമാണ്. എങ്കിലും എന്റെ മനസ്സാക്ഷി പറയുന്നു: 'എനിക്കല്പം ഉത്കണ്ഠ കൂടിയിരിക്കുന്നു. ഭാവിയെകുറിച്ച് അല്പം ഭയവും. ലോക വാർത്തകൾ ക്രിസ്ത്യാനിക്ക് ഒരു സുരക്ഷിതത്വവും പ്രത്യാശയും തരുന്നില്ലല്ലോ! എന്റെ പ്രത്യാശയുടെ അടിസ്ഥാനം വരെ എനിക്കിപ്പോൾ സംശയമുണ്ട്. സത്യത്തിൽ എന്താണ് ക്രിസ്ത്യാനിക്ക് പ്രത്യാശിക്കാനുള്ളത്? – ചെറിയാൻ, ചങ്ങനാശ്ശേരി

**ഉത്തരം:** കഴിഞ്ഞവയെ കുറിച്ച് സ്ഥിരമായി ദുഃഖിച്ചും വരുവാനിരിക്കുന്ന ഭാവിയെക്കുറിച്ച് ഭയപ്പെട്ടും ജീവിക്കുന്ന ഒരു ക്രിസ്ത്യാനിയിൽ ദൈവസ്നേഹം കുറഞ്ഞിരിക്കുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ വളർന്നവനല്ല. കർത്താവിന് താങ്കളോടുള്ള സ്നേഹവും താല്പര്യവും തിരിച്ചറിയാത്തതാണ് ഉത്കണ്ഠയുടെ കാരണം. നമ്മുടെ ദൈവം സർവ്വജ്ഞാനിയാണ്. എല്ലാം അറിയുന്നവനാണ്. എന്റെ (താങ്കളുടെ) തലയിലെ മുടിയുടെ എണ്ണം എനിക്കറിയില്ലെങ്കിലും ദൈവത്തിനറിയാം. ഞാൻ എന്നെ അറിയുന്നതിനേക്കാളേറെ എന്റെ ദൈവം എന്നെ അറിയുന്നു. ഞാൻ എന്നിൽ താല്പരനായിരിക്കുന്നതിനേക്കാളേറെ എന്റെ ദൈവം എന്നിൽ തല്പരനാണ്. ഞാൻ എന്റെ നന്മ ആഗ്രഹിക്കുന്നതിനെക്കാളേറെ എന്റെ ദൈവം എന്റെ നന്മ ആഗ്രഹിക്കുന്നു. ഞാൻ ഓടി അകന്നാലും എന്നെ തേടി വരുന്നവനാണ് ദൈവം. **എന്നാൽ ഇന്നലെയറിഞ്ഞ കർത്താവിനെ ഇന്ന് കൂടുതലറിയാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ ലോകപരമായ ഉത്കണ്ഠ നമ്മെ ഭരിക്കാൻ സാദ്ധ്യതയുണ്ട്.** "എന്നാൽ പ്രത്യാശ നല്കുന്ന ദൈവം തന്നിൽ വിശ്വാസമർപ്പിക്കുന്ന നിങ്ങളെ സകല സന്തോഷവും സമാധാനവും കൊണ്ടു നിറയ്ക്കുമാറാകട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിങ്ങൾ പ്രത്യാശയുള്ളവരായിത്തീരട്ടെ" (റോമർ 15:13).

വെറും ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ ദിവസങ്ങൾ കൊണ്ട് തീരുന്നതാണ് ഒരു മനുഷ്യായുസ്. "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവും അത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോകുകയും ചെയ്യുന്നു..... ഞങ്ങളുടെ ഹൃദയം വിവേകമുള്ളതായിത്തീരുവാൻ ഞങ്ങളുടെ ആയുസ്സിന്റെ ദിവസങ്ങൾ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കണമേ" (സങ്കീർത്തനം 90:10–12). ക്രിസ്തീയ വിശ്വാസമനുസരിച്ച് മരണാനന്തര ജീവിതം വളരെ പ്രത്യാശ നിറഞ്ഞതാണ്. യേശുക്രിസ്തുവിന്റെ വാഗ്ദാനത്തോടും പുനരുത്ഥാനത്തോടും അടിസ്ഥാനപ്പെടുത്തിയതാണ് മരണാനന്തരജീവിതത്തെ സംബന്ധിച്ചുള്ള പ്രത്യാശ മഹത്തരമായത്. അതിനെ കുറിച്ച് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം എഴുതി: "ഞങ്ങൾക്ക് ഒരു ധൈര്യക്കുറവുമില്ല. പ്രായമാകുന്തോറും ഞങ്ങളുടെ ശരീരം ക്ഷയിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ ആന്തരീക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ഷണികവും നിസ്സാരവുമായ ഈ ലോകത്തിലെ കഷ്ടത അത്യന്തം ഘനമേറിയ നിത്യതേജസ് ഞങ്ങൾക്ക് ലഭിക്കുവാൻ മുഖാന്തരമാകുന്നു. കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്; കാണുന്നത് താൽക്കാലികവും കാണാത്തത് നിത്യവും ആകുന്നു. ഞങ്ങളുടെ ശരീരം നശിച്ചു പോയാലും മനുഷ്യനിർമ്മിതമല്ലാത്ത ഒരു ഭവനം, ദൈവത്തിൽ നിന്നുള്ള ഒരു നിത്യഭവനം, ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് ഞങ്ങൾ അറിയുന്നു... ഞങ്ങൾക്ക് നല്ല ധൈര്യമുണ്ട്; ശരീരം വിട്ട് കർത്താവിനോടു കൂടെ വസിക്കുവാൻ അധികം ഇഷ്ടപ്പെടുന്നു (2 കൊരി 4: 16–5:8).

പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി യേശുക്രിസ്തു ഉയർത്തെഴുന്നേറ്റത് നാമോരോരുത്തരുടെയും മരണാനന്തര ജീവിതത്തിന്റെ ഉറപ്പാണ്. "ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. നാമെല്ലാവരും നിദ്രപ്രാപിക്കുകയില്ല; പിന്നെയോ നാമെല്ലാവരും രൂപാന്തരപ്പെടും; ക്ഷണത്തിൽ കണ്ണിമയ്ക്കുന്നതിനിടയിൽ അന്ത്യകാഹളം ധ്വനിക്കുമ്പോൾ തന്നെ. കാഹളം ധ്വനിക്കും, മരിച്ചവർ നശിക്കാതെ ഉയിർക്കപ്പെടുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ നശ്വരമായതു അനശ്വരതയെയും ഈ മർത്യമായതു അമർത്യതയെയും ധരിക്കണം. അങ്ങനെ, നശ്വരമായതു അനശ്വരവും മർത്യമായതു അമർത്യതയെയും പ്രാപിച്ചു കഴിയുമ്പോൾ, മരണത്തെ വിജയം കീഴ്പ്പെടുത്തി എന്നെഴുതപ്പെട്ടതു യാഥാർത്ഥ്യമാകും. മരണമേ, നിന്റെ വിജയം എവിടെ?.... (1 കൊരി. 15:51–56).

ശാരീരിക മരണത്തിൽ പ്രത്യാശയില്ലാത്തവരെപ്പോലെ ദുഃഖിക്കരുതെന്നും യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നാം പങ്കുകാരായി മരണാനന്തര ജീവിതം നാം നയിക്കുമെന്നുള്ള ദൃഢവിശ്വാസത്തിൽ **പരസ്പരം ആശ്വാസം കൊള്ളണമെന്നും** തെസ്സലോനിക്യ ലേഖനത്തിൽ പൗലോസ് പ്രബോധിപ്പിക്കുന്നു (1തെസ്സ. 4:13–18). "നമ്മിൽ വെളിപ്പെടുവാനിരിക്കുന്ന തേജസ്സിനോടു തുലനം ചെയ്യുമ്പോൾ ഈ കാലത്തിലെ കഷ്ടതകൾ സാരമില്ല എന്ന് ഞാൻ കണക്കാക്കുന്നു" (റോമർ 8:18).

ഭൂമിയിലെ ഒരു മനുഷ്യായുസ്സായ 30000 ദിവസങ്ങളിലെ (താങ്കൾക്ക് 66 വയസ്സായ സ്ഥിതിക്ക് 23000 ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു), ശേഷിച്ച 7000 ദിവസത്തേക്കാണ് ക്രിസ്തുവിൽ പ്രത്യാശ വെച്ചിട്ടുള്ളതെങ്കിൽ, നാം എല്ലാ മനുഷ്യരേക്കാൾ നിർഭാഗ്യരാണ് (1 കൊരി. 15:19) എന്ന മുന്നറിയിപ്പോടെ അനശ്വരതയിലുള്ള പ്രത്യാശയിൽ ഉറച്ചു നിൽക്കുവാനും പൗലോസ് പ്രബോധിപ്പിക്കുന്നു. "ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി പഴയനിയമ വിശ്വാസികളും കാത്തിരുന്നതായി എബ്രായലേഖനത്തിൽ ഓർമ്മിപ്പിക്കുന്നു" (എബ്രായർ 11:10, സ്വതന്ത്രപരിഭാഷ).

യേശുക്രിസ്തു ഇപ്രകാരം അരുളിച്ചെയ്തശേഷമാണ് സ്വർഗ്ഗാരോഹണം ചെയ്തത്: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; **അങ്ങനെ ഇല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടെ പറയുമായിരുന്നു;** ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു; ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." (യോഹ. 14:2,3)

**അടിക്കുറിപ്പ്:** മനുഷ്യന്റെ ആയുസ് ഏറിയാൽ എഴുപത് അല്ലെങ്കിൽ എൺപത്. അത് ദിവസങ്ങളിലാക്കിയപ്പോഴാണ് മുപ്പതിനായിരം കിട്ടിയത്. എന്നാൽ അതിന് മുൻപും ആർക്കും ഈ ലോകത്തിൽ നിന്ന് വിട്ടുപോകാം. ലോക വാർത്തകൾ അനുസരിച്ചല്ല ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശ അടിസ്ഥാനപ്പെട്ടിരിക്കുന്നത്. മറിച്ച് കർത്താവിന്റെ വചനത്തിലാണ്. അത് വിശ്വസിച്ച് ആശ്വസിച്ച് ആസ്വദിച്ചാൽ മാത്രമേ ഭയവും ഉത്കണ്ഠയും പരിപൂർണ്ണമായും മാറുകയുള്ളൂ. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നെയാണ് ഒരാൾ വീണ്ടും ജനിക്കുന്നത് (1 പത്രോസ് 1:4). അതിനാൽ ക്രിസ്തീയ പ്രത്യാശയെക്കുറിച്ച് സംശയം ചോദിക്കുന്ന ഏവനോടും സൗമ്യതയോടും ഭയഭക്തിയോടും വിശദീകരിക്കുവാൻ എപ്പോഴും ഒരുങ്ങിയിരിക്കുവീൻ (1 പത്രോസ് 3:5). നോഹയുടെ കാലത്തെപ്പോലുള്ള മനുഷ്യരുടെ അക്രമസ്വഭാവവും ലോത്തിന്റെ കാലത്തെപ്പോലുള്ള മനുഷ്യരുടെ ലൈംഗീക അതിപ്രസരവും ഭൂമിയിൽ വർദ്ധിക്കുമെന്ന് കർത്താവ് മുന്നറിയിപ്പ് തന്നിട്ടുള്ളതിനാൽ (ലൂക്കോസ് 17:26–30) പത്രവാർത്തകൾ താങ്കളെ ഭയപ്പെടുത്തേണ്ട കാര്യമില്ല.

## വി.ബി.എസ് – 2015

വെള്ളറട: കാക്കതൂക്കി ഐ.പി.സി എബനേസർ ഹാളിൽ വെച്ച് ഏപ്രിൽ 1 മുതൽ 10 വരെ വെക്കേഷൻ ബൈബിൾ ക്ലാസ് – 2015 നടക്കുന്നു. കാക്കതൂക്കി, വെള്ളറട പരിസരങ്ങളിലുള്ള സഭകളിലെ കുഞ്ഞുങ്ങളെ സംഘടിപ്പിച്ചു കൊണ്ട് "ക്രിസ്തുവിൽ വളരുക" എന്ന ചിന്താവിഷയത്തിൽ പാസ്റ്റർ ഏബ്രഹാം, സിസ്റ്റർമാരായ ഗേളി, റീനാ, ലോവീസ്, ഷിജിത, പിഷ്പം, ബിന്ദു എന്നിവർ ക്ലാസ്സുകൾ നയിക്കും. ഗ്രൂപ്പ് ചർച്ച, ചിത്രരചന, താലന്തു പ്രദർശനങ്ങൾ, ഗെയിമുകൾ മറ്റ് വിവിധ കാലാമത്സരങ്ങളും ഉണ്ടായിരിക്കും. ബ്രദർ ആർ. ബി ഷിജിൻ പ്രോഗ്രാം കോർഡിനേറ്ററായും ജെ. ബിനു കൺവീനറായും പ്രവർത്തിക്കും. പാസ്റ്റർ എസ്. ഇ ജ്ഞാനദാസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## കൺവൻഷൻ

മാനന്തവാടി: ന്യൂ ഇൻഡ്യ ബൈബിൾ ചർച്ച് മലബാർ മേഖല പാസ്റ്റേഴ്സ് കോൺഫറൻസും കൺവൻഷനും മാനന്തവാടി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്നു. പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ മുഖ്യ പ്രഭാഷകനായിരുന്നു. ന്യൂ ഇൻഡ്യാ ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ മലബാർ മേഖല ഡയറക്ടർ പാസ്റ്റർ എൻ. സി ജോസഫ് യോഗങ്ങൾക്ക് നേതൃത്വം നല്കി.

## 02 യുവജന പംക്തി...

വന്ന് എന്നെ ആശുപത്രിയിൽ എത്തിച്ചു. തകർന്ന കാലുമായി ആശുപത്രിയിൽ എത്തിയ എന്റെ കാൽ മുറിച്ചു കളയുവാനാണു ഡോക്ടർമാർ തീരുമാനിച്ചത്. പക്ഷെ എന്റെ സഹോദരനും ആന്റിയും സ്നേഹിതനും ഡോക്ടറെ കണ്ടു സംസാരിച്ചപ്പോൾ അവർ ഒരു ശ്രമം നടത്താമെന്നു വാക്കു നൽകി. എന്റെ തകർന്ന ഇടത്തെ കാലിലേക്ക് വലത്തെ കാലിൽ നിന്നു തൊലി എടുത്തു വച്ച് ഒരു സർജറി നടത്തി. രണ്ടു കാലും വയ്യാതെ പതിനെട്ടു ദിവസം ഞാൻ ആശുപത്രിയിൽ കിടന്നു. ആകെയുള്ള ആശ്വാസം സന്ധ്യാസമയത്തു കടന്നു വരുന്ന ബന്ധുക്കളോ ഞായറാഴ്ച ദിവസം സന്ദർശകരായി എത്തുന്ന സഭാജനങ്ങളോ ആയിരുന്നു. ചോദ്യചിഹ്നങ്ങളും നിരാശയും ഏകാന്തതയും എന്റെ കണക്കുകൂട്ടലുകളെ കാർന്നു തിന്നുകൊണ്ടിരുന്നു.

എന്റെ സ്വപ്നങ്ങൾ ഓരോന്നായി വീണുടഞ്ഞു. നടക്കുവാനുള്ള സഹായത്തിനായി ക്രെച്ചസ് കട്ടിലിന്റെ തലയ്ക്കൽ ചാരി വച്ചിട്ടുണ്ട്. കക്ഷത്തിൽ വടി വച്ചു നടക്കുന്നത് ഓർത്തപ്പോൾ തന്നെ തല കറങ്ങുന്നതു പോലെ തോന്നി. ഓപ്പറേഷൻ തീയറ്ററിൽ വച്ച് എന്റെ കാലിന്റെ തകർന്ന അവസ്ഥ കണ്ടു ഞാൻ ഞെട്ടിപ്പോയി. ഇടതു കാലിന്റെ ഉപ്പൂറ്റിയിലെയും പത്തിയിലെയും ദശ പൂർണ്ണമായി അടർന്നു മാറിയിരിക്കുന്നു. അതു കണ്ടു മോഹാലസ്യപ്പെട്ട ഞാൻ ഇരിക്കുവാൻ കഴിയാതെ സ്ട്രെച്ചറിൽ ചരിഞ്ഞു.... ശരീരം വല്ലാതെ വിയർക്കുന്നു.... തലയ്ക്കു വലിയ ഭാരം പോലെ.... അനേക ചോദ്യങ്ങൾ! സംശയങ്ങൾ! എല്ലാം ഉള്ളിൽ നിറഞ്ഞു....

തകർന്ന കാലുമായി ഇനി എനിക്കു നടക്കുവാൻ കഴിയുകയി ല്ലെന്ന് ഉറപ്പ്. ഡോക്ടറോട് അറിയാവുന്ന ഹിന്ദിയിൽ ചോദിച്ചു: "എത്രനാൾ എടുക്കും ഇതു ശരിയാകുവാൻ?" "I don't know" എനിക്കറിയില്ല എന്നു ഡോക്ടർ പ്രതികരിച്ചു. ഈ വാക്കുകൾ വീണ്ടും വീണ്ടും എന്റെ കാതുകളിൽ പ്രതിധ്വനിച്ചു. അന്നു രാത്രി മുഴുവൻ നിരാശയോടെ ഞാൻ കരയുവാൻ തുടങ്ങി.... ആരും എന്റെ സമീപത്തില്ല! ഞാൻ കരച്ചിൽ തുടർന്നു കൊണ്ടിരുന്നു. അവസാനം പ്രജ്ഞയറ്റ ഒരു ജീവച്ഛവം പോലെ ഞാൻ ഉറങ്ങിപ്പോയി.

രാവലെ മുതൽ ഭിത്തിയിൽ ചാരി ഇരിക്കും. വായിക്കുവാൻ ആകെയുള്ളതു ബൈബിൾ മാത്രം. സംസാരിക്കുവാൻ ഭാഷ അറിയില്ല. അടുത്തു കിടക്കുന്നതു ഹിന്ദിക്കാരും മറാഠിക്കാരും. എനിക്കു മലയാളം മാത്രം അറിയാം. നടക്കാൻ കഴിയാത്തതു കൊണ്ട് എല്ലാ കാര്യങ്ങളും കിടക്കയിൽ കിടന്നു കൊണ്ടു തന്നെ!

ആരെങ്കിലും ഒരു ആശ്വാസ വാക്കു പറയുന്നതു കേൾക്കു വാനായി എന്റെ ഹൃദയം വെമ്പൽ കൊണ്ടു. ആകെയുള്ള എന്റെ ആശ്വാസം അടുത്തു കിടക്കുന്നവരെല്ലാം എന്നെക്കാൾ വൈഷമ്യങ്ങൾ അനുഭവിക്കുന്നവർ ആയിരുന്നു എന്നതാണ്.

(തുടരും....)

## കൺവൻഷൻ

കണ്ണൂർ: മലബാർ മിഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കൺവൻഷൻ കണ്ണൂർ ഇരുട്ടിയാൻ വച്ച് മെയ് 16,17 തീയതികളിൽ നടക്കും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ബ്രദർ ബിജു സ്റ്റീഫൻ, പാസ്റ്റർ ജോസ് ജോസഫ് എന്നിവർ നേതൃത്വം നൽകും. കരിസ്മ ബ്ലസിംഗ് ട്യൂണേഴ്സ് പെരുന്തൽമണ്ണ ഗാനശുശ്രൂഷ നിർവ്വഹിക്കും.

## 13–ാംമത് സംസ്ഥാന വനിത ക്യാമ്പ്

ചരൽക്കുന്ന്: യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 13–ാം മത് സംസ്ഥാന വനിത ക്യാമ്പ് 2015 മെയ് 11,12,13 തീയതികളിൽ ചരൽക്കുന്ന് ക്രിസ്ത്യൻ എഡ്യുക്കേഷൻ ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രക്ഷാധികാരി റവ. തോമസ് ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ ഡോ. ബി. വർഗീസ്, സഹോദരിമാരായ ഷീലദാസാ, ജോയമ്മ വർഗീസ്, സോജി ദോഹ, ലില്ലിക്കുട്ടി ശാമുവേൽ, ജോളി താഴാംപള്ളം, മേഴ്സി തോമസ്, സൂസൻ തോമസ് തുടങ്ങിയവർ ശുശ്രൂഷിക്കും. ഗാനപരിശീലനം, ആരാധന, സാക്ഷ്യം, സന്ദേശം, കൗൺസിലിംഗ്, ചർച്ച, വചനധ്യാനം തുടങ്ങിയ നിരവധി പ്രോഗ്രാമുകൾ ക്യാമ്പിൽ നടത്തപ്പെടും. 'ഒരുക്കപ്പെട്ട കാന്ത' (വെളിപ്പാട് 19:17) എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. സ്പിരിചൽ വോയ്സ്, അടൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

ക്യാമ്പിലേക്ക് തിരുവല്ലയിൽ നിന്നും പ്രത്യേക ബസ് ക്രമീകരിച്ചിട്ടുണ്ട്. ക്യാമ്പ് ഫീസ് 750 രൂപ. സഹോദരിമാരായ ലീലാമ്മ ശാമുവേൽ, പൊന്നമ്മ അലക്സാണ്ടർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും. ഫോൺ: 944 681 9544

ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ–മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

ഫോൺ: 9947743346, 9526602670

Email: beljournprayer@gmail.com

ജയ്മോഹൻ അതിരുങ്കൽ, 9567759748




## വേദനകൾക്ക് വിട നൽകി ഗ്രേസ് യാത്രയായി



**കോന്നി:** വേദനകൾക്കും കാർന്നു തിന്നുന്ന രോഗത്തിനും വിടനൽകി ഗ്രേസ് പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി. മാർച്ച് 29 ഞായറാഴ്ച ഉച്ചയ്ക്കാണ് എറണാകുളം അമൃത ഹോസ്പിറ്റലിൽ വെച്ച് ഗ്രേസ് (10) നിത്യതയിലേക്ക് ചേർക്കപ്പെട്ടത്. സംസ്കാരം കോന്നി ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം നേതൃത്വം നൽകി. പാസ്റ്റർ പി. ജെ. ജെയിംസ് മുഖ്യശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർമാരായ റ്റി. എം. മാമ്മച്ചൻ, തോമസ് എം. പുളിവേലിൽ, തോമസ് ഫിലിപ്പ്, ജെ. ജോസഫ്, മാധ്യമപ്രവർത്തകരായ സാംകുട്ടി മാത്യു, ജെയ്സ് പാണ്ടനാട് എന്നിവർ അനുശോചിച്ചു. തുമ്പോളി ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനും എറ്റേണൽ വോയ്സ് ചീഫ് എഡിറ്ററുമായ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ – ലിജി ദമ്പതികളുടെ ഏകമകളാണ് അന്നക്കുട്ടി എന്നുവിളിക്കുന്ന ഗ്രേസ് അന്ന.

## ഗുഡ് ന്യൂസ് 2015

**അടൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ സി.ഇ.എം. അടൂർ ഠൗൺ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'ഗുഡ് ന്യൂസ് 2015' എന്ന പേരിൽ സുവിശേഷ യോഗവും സംഗീത വിരുന്നും നടത്തുന്നു. ഏപ്രിൽ 19, 20, 21 തീയതികളിൽ അടൂർ മാർത്തോമ്മ യൂത്ത് സെന്ററിനു സമീപമുള്ള കർമ്മേൽ ഗ്രൗണ്ടിൽ നടക്കുന്ന യോഗങ്ങൾ ഡോ. ടി. ജി. കോശി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബാബു ചെറിയാൻ, കെ. ജെ. തോമസ്, സി.ഐ. പത്രോസ് എന്നിവർ പ്രസംഗിക്കും. ഡോ. ബ്ലസൻ മേമന, സാമുവേൽ വിൽസൺ, സുനിൽ സോളമൻ, സന്തോഷ് അടൂർ, ബാബു ഓടനാവട്ടം എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.

## സൺഡേസ്കൂൾ സമ്മർ ക്യാമ്പുകൾ

ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, നിലമ്പൂർ, കുട്ടിക്കാനം എന്നീ സ്ഥലങ്ങളിൽ മേഖല സമ്മർ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ ആത്മീക വളർച്ച ലക്ഷ്യമാക്കി കഴിഞ്ഞ വർഷം ആരംഭിച്ച സ്റ്റേറ്റ് ക്യാമ്പിന്റെ തുടർച്ചയാണ് വിവിധ മേഖലകളിലെ ക്യാമ്പിലൂടെ ലക്ഷ്യമിടുന്നത്.

ഹൈറേഞ്ച് മേഖലയിലെ പ്രഥമ സൺഡേസ്കൂൾ ക്യാമ്പ് ഏപ്രിൽ 20 മുതൽ 21 വരെ കുട്ടിക്കാനത്തുള്ള തേജസ് സെന്ററിൽ നടക്കും. നിലമ്പൂർ സമ്മർ ക്യാമ്പ് ഏപ്രിൽ 27 മുതൽ 28 വരെ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജിൽ നടക്കും. ഗാന പരിശീലനം, മികച്ച ക്ലാസുകൾ, മിഷൻ ചലഞ്ച്, ഗെയിമുകൾ, തികഞ്ഞ അച്ചടക്കം എന്നിവ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും. 12 മുതൽ 17 വയസ്സുവരെയുള്ളവർക്കാണ് ക്യാമ്പിൽ പ്രവേശനം.

തിരുവനന്തപുരം വട്ടപ്പാറയിൽ സൺഡേസ്കൂൾ ദക്ഷിണ മേഖലയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 14-നു ഏകദിന ക്യാമ്പ് നടക്കും. കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള ഗാനപരിശീലനവും ക്ലാസ്സുകളും, മുതിർന്ന കുട്ടികൾക്കുള്ള കൗൺസിലിങ് ക്ലാസ്സുകൾ, അദ്ധ്യാപക പരിശീലനം എന്നിവ ക്യാമ്പിൽ ഉണ്ടായിരിക്കും. സമാപന സമ്മേളനത്തിൽ സംസ്ഥാന സഭാ സൺഡേസ്കൂൾ നേതൃത്വം സംബന്ധിക്കും.

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജെ. ജെയിംസ്, സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സജു.പി.തോമസ്, പാസ്റ്റർ പി.ആർ. ബേബി, ഡോ. സജി. കെ.പി തുടങ്ങിയവർ സെക്ഷനുകൾ നയിക്കും. സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ബ്ലസ്സൻ ജോർജ്, കോർഡിനേറ്റർ പാസ്റ്റർ സാലു വർഗീസ് എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകും.


## • വൈവാഹികം •

30 വയസുള്ള പെന്തക്കോസ്ത് യുവാവ് ഉയരം "5. 6". സാധാരണ കുടുംബം വിദ്യാഭ്യാസം 10th class,DTh, BTh. അനുയോജ്യരായ പെന്തക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജോലി, വിദ്യാഭ്യാസം, സാമ്പത്തികം പ്രശ്നമല്ല.

**ഫോൺ: 9847521920, 9048148022**


### കല്ലുകടി

## വെള്ള തേച്ച ശവകല്ലറ

പരീശമതത്തിനെതിരെ ശക്തമായ വാക്കുകളാണ് യേശുക്രിസ്തു ഉപയോഗിച്ചത്. ഭക്തിയുടെ വേഷം ധരിച്ച കപട ഭക്തർക്കെതിരെ തന്റെ വാക്കുകൾ വാളായി മാറ്റി. വെള്ളതേച്ച ശവക്കല്ലറകളെ എന്ന വിളിയിൽ എല്ലാമടങ്ങിയിട്ടുണ്ട്. പുറം ഭംഗിയെങ്കിലും നാറുന്ന അകം കാഴ്ചയാണ് കർത്താവ് ഇതിലൂടെ വെളിപ്പെടുത്തിയത്. ഇന്നത്തെ പെന്തക്കോസ്ത് നേതാക്കന്മാരെ പലരെയും കാണുമ്പോളും കർത്താവിന്റെ ഈ വാക്കുകളാണ് ഓർമ്മ വരുന്നത്.

ചർച്ച് ഓഫ് ഗോഡ് ഓവർസീയർമാർക്ക് മുൻകാലങ്ങളിൽ വലിയ ആർഭാടമൊന്നുമില്ലാത്ത വേഷവിധാനമായിരുന്നു. ഒരു മുൻഗാമിയുടെ കാലമായപ്പോൾ കഥ മാറി. നെഹ്റു കോട്ടിന്റെ മോഡേൺ പതിപ്പ് വിലകൂടിയത് നേതാവിന്റെ Symbol ആക്കി മാറ്റി. കസേര മോഹികളെല്ലാം കാശു മുടക്കി ഇതു തയ്പ്പിച്ച് ഇടാൻ തുടങ്ങി. എന്നാൽ സാധാരണ വേഷവുമായി നിലവിലെ ഓവർസിയർ വ്യത്യസ്തനായി. വെള്ള വസ്ത്രം മാത്രം ധരിച്ചു നടക്കുന്ന ഒരു വ്യത്യസ്തനായ ഒരുപദേശിയും "സഹ"ധർമ്മിണിയും ഈ പ്രസ്ഥാനത്തിലുണ്ട്. കണ്ടാൽ ഭക്ത ശിരോമണി. വേഷവും നാട്യവും അതിനു തക്കതുപോലെ. പക്ഷേ കൈയിലിരുപ്പ് ശരിയല്ലത്രെ പീഡനമാണത്രെ കക്ഷിക്കെതിരെ പരാതി. വിമതനായി നടന്നകാലം മുതലെ ഇത്തരം ഒരു ആരോപണം ഉണ്ടായിരുന്നുപോലും. മേമ്പൊടിക്കു പ്രവചനവും കൂട്ടിനുണ്ട്. പീഡകനായതിനാലാകാം "കണ്ടുമാത്രം വിശ്വസിക്കുന്ന" ഈ വിദ്വാൻ DP-യുമാണ്. പരാതി കേന്ദ്രത്തിലെത്തിയെങ്കിലും തൽപരകക്ഷികൾ മുക്കാനുള്ള സാധ്യതയാണ് ഇപ്പോഴുള്ളത്.

**അടിക്കുറിപ്പ്:** വെളുപ്പ് പുറത്തിട്ടാൽ അകത്തെ കറുപ്പെങ്ങനെ മാറും?

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 07

# BELIEVERS JOURNAL

PUBLISHED ON 10/04/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub. ₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

04985 208400
09048712570
09400566214

www.navajyothiayurveda.com
e-mail: kmbinoyvaidyan@gmail.com

NAVAJYOTHI

## നവജ്യോതി

### ആയുർവേദ ഹോം ഹെറിട്ടേജ് ഹോസ്പിറ്റൽ

### കണ്ടോത്ത് – പയ്യന്നൂർ കണ്ണൂർ ജില്ല

മാന്യരെ,
കഴിഞ്ഞ 6 വർഷമായി സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന നവജ്യോതി ആയുർവേദ ഗൃഹവൈദ്യശാല നവജ്യോതി ആയുർവേദ ഹോസ്പിറ്റൽ ആയി തുറന്ന് പ്രവർത്തനമാരംഭിക്കുന്നവിവരം സസന്തോഷം അറിയിക്കുന്നു.

കാര്യപരിപാടി

ഉദ്ഘാടനം
2015 ഏപ്രിൽ 16
വ്യാഴാഴ്ച 10 am

പ്രാർത്ഥന
സ്വാഗതം : കെ. എം. ബിനോയ് വൈദ്യൻ (MD നവജ്യോതി ആയുർവേദ )
അദ്ധ്യക്ഷൻ : Rev. സാം ജോർജ്ജ് USA
ഹോസ്പിറ്റൽ ഉദ്ഘാടനം : ശ്രീ. സി. കൃഷ്ണൻ (MLA)
കമ്പ്യൂട്ടർ സ്വിച്ച് ഓൺ : ശ്രീ. കെ. സുധാകരൻ (മുൻ മന്ത്രി) മുഖ്യാതിഥി
ക്ലിനിക്ക് ഉദ്ഘാടനം : ശ്രീമതി. കെ.വി. ലളിത (ചെയർപേഴ്സൺ, പയ്യന്നൂർ)

ആശംസകൾ :
Rev. P.Y. ഗീവർഗ്ഗീസ് പുൽപ്പള്ളി (Presbytor) | കെ.കെ. ഫൽഗുണൻ (മുനിസിപ്പൽ കൗൺസിലർ) | കെ. ചന്ദ്രിക (മുനിസിപ്പൽ കൗൺസിലർ) |
സി. കരുണാകരൻ ( CPIM ലോക്കൽ സിക്രട്ടറി, വെള്ളൂർ സൗത്ത്) | എ.പി. നാരായണൻ (പ്രതിപക്ഷനേതാവ്, പയ്യന്നൂർ മുനിസിപ്പാലിറ്റി) |
Rev. ഫാദർ ജോസഫ് പുവണിക്കുന്നേൽ (കണ്ടോത്ത് ഇടവക വികാരി) | പി. ദാമോദരൻ (Retd. IG)
പി.കെ. മജ്ജു വൈദ്യർ (കേരള ആയുർവേദ പാരമ്പര്യ വൈദ്യഫെഡറേഷൻ, കണ്ണൂർ ജില്ലാ പ്രസിഡന്റ്) |
എം. ജനാർദ്ദനൻ വൈദ്യർ (കേരള ആയുർവേദ പാരമ്പര്യ വൈദ്യഫെഡറേഷൻ, കണ്ണൂർ ജില്ലാ സിക്രട്ടറി) | എസ്. എ. ഷുക്കൂർ ഹാജി ( ML മണ്ഡലം പ്രസിഡന്റ്) |
രമേശൻ മാസ്റ്റർ ( BJP മണ്ഡലം പ്രസിഡന്റ്) | ഡോ. ശ്രീലക്ഷ്മി (നവജ്യോതി ആയുർവേദ ഗൃഹവൈദ്യശാല) | ഡോ. അനില കോട്ടയം |

നന്ദി : Pr. ബെർസി തോമസ്

! എവർക്കും സ്വാഗതം !

ഡിസ്ക് തകരാറുകൾ, ഹാർട്ട്ബ്ലോക്ക്, പ്രമേഹം, താരൻ, സോറിയാസിസ്
തുടങ്ങി പലരോഗങ്ങൾക്കും ഫലപ്രദമായ പ്രത്യേക പച്ചമരുന്ന് ചികിത്സകൾ ലഭ്യമാണ്.

## ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്

### ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളജ്**
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

**എബനേസർ കോളജ് & സ്കൂൾ ഓഫ് നേഴ്സിംഗ്**
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി
ഓഫ് ഹെൽത്ത് സയൻസ്
അഫിലിയേഷൻ, കെ. എൻ. സി. &
ഐ. എൻ. സി. അംഗീകാരം)

**ബി. എസ്. സി. നേഴ്സിംഗ്**
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
**ജി. എൻ. എം.**
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

**Accomodation Available**

വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അദ്ധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Instutions, No: 19,
Ebenezer Nagar
Kothanur P.O., Banglore - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178

Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.